المكتب التعاوني للدعوة والإرشاد وتوعية الجاليات بمكة المكرمة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد

# അല്ലാഹുവിനെ ഏകനാക്കുക



## التوحيد

باللغة: المليبارية

സുലൈമാൻ നദ്‌വി

Islamic Dawa'a & Guidance Office Makkah, Rusaifa branch,
near masjid Ameer ahmad Tel: 02 5346189, Fax 02 5360594
Website: www.islamicstart.org , E-mail: info@islamicstart.org

# അല്ലാഹുവിനെ ഏകനാക്കുക
# التوحيد


തയ്യാറാക്കിയത്:
സുലൈമാൻ നദ്‌വി
ജാലിയാത്ത്. മക്ക

പരിശോധിച്ചത്:
ഡോക്ടർ: മുഹമ്മദ് അശ്റഫ് മൗലവി
ഖുർആൻ ഗവേഷണ വിഭാഗം
മുജമ്മഅ് മലിക് ഫഹദ്, മദീന

إعداد:
سليمان ميراو ندوي

راجعه:
الدكتور الشيخ: محمد أشرف علي المليباري
الباحث في خدمة السنة بالجامعة الإسلامية - المدينة المنورة سابقا
الباحث في دراسات القرآن بمجمع ملك فهد بالمدينة المنورة حاليا

# താളുകളിൽ....


| | പേജ്: |
|---|---|
| തൗഹീദും പ്രസക്തിയും | 1 |
| എന്താണ് തൗഹീദ് ? | 3 |
| എന്താണ് ശിർക്ക് ? | 4 |
| അല്ലാഹുവിനോട് പങ്ക്ചേർക്കുന്നതിന്റെ ദൂഷ്യങ്ങൾ | 5 |
| അല്ലാഹുവിനോട് പങ്ക്ചേർക്കുന്നവരുടെ ന്യായീകരണം | 7 |
| തൗഹീദിന്റെ ഇനങ്ങൾ | 9 |
| സൃഷ്ടി-സംരക്ഷണത്തിൽ ഏകനാക്കൽ | 9 |
| റബ്ബ് എന്ന ഗുണത്തിൽ സമപ്പെടുത്തിയത് | 11 |
| ആരാധനക്കർഹതയിൽ ഏകനാക്കൽ | 13 |
| ആരാധനകളുടെ ഇനങ്ങൾ | 14 |
| പ്രാർത്ഥന ആരാധനയാണ്: | 15 |
| പ്രാർത്ഥന അല്ലാഹുവിനോട് മാത്രം | 17 |
| ആരാധനക്കർഹതയിൽ പങ്കുചേർത്തത് | 19 |
| തവസ്സുൽ അനുവദനീയവും അല്ലാത്തതും | 25 |
| നേർച്ച ആരാധനയാണ് | 28 |
| ബലി സമർപ്പിക്കൽ ആരാധനയാണ് | 29 |
| ഭരമേൽപ്പിക്കൽ | 31 |
| ഖബറാരാധന | 34 |
| ഉറുക്ക്-നൂൽ | 38 |
| സത്യം ചെയ്യൽ | 40 |
| അല്ലാഹുവിന്റെ ഉത്തമ നാമങ്ങൾ | 41 |
| നാമ, വിശേഷണങ്ങളിൽ ഏകനാക്കൽ | 44 |
| അല്ലാഹു എവിടെയാണ്? | 46 |
| അല്ലാഹുവിന്റെ വിശേഷണങ്ങളിൽ സമപ്പെടുത്തിയത് | 48 |
| അവസാനമായി | 50 |

بسم الله الرحمن الرحيم

അല്ലാഹുവിന് സർവ്വ സ്തുതിയും. മുഹമ്മദ്(സ)യിലും കുടുംബ ത്തിലും അനുചരന്മാരിലും അല്ലാഹു സ്വലാത്തും സലാമും ചൊരിയട്ടെ!

ഏകദൈവ വിശ്വാസിയെന്ന് എല്ലാമതക്കാരും അഭിമാനിക്കുന്നു. പക്ഷേ, വിശ്വാസത്തിലും കർമ്മത്തിലും അല്ലാഹുവിനെ ഏകനാക്കിയ രീതി പരിശോധിച്ചാൽ പ്രസ്തുത അഭിമാനത്തിന് പലരും അർഹരായിരിക്കുമോ? സൃഷ്ടാവിന്റെ വചനവും പ്രവാചകരുടെ വിവരണവും തെളിവാക്കി ക്രമീകരിക്കുമ്പോൾ മാത്രമേ തൗഹീദ് സുരക്ഷിതമാകൂ. പകരം ഊഹങ്ങളെയും പരമ്പരാഗത രീതികളെയും പിൻപറ്റുന്നിടത്ത് തൗഹീദ് വികലമാക്കപ്പെടും. ഖുർആനും ഹദീസും തെളിവാക്കി തൗഹീദ് ഉൾക്കൊള്ളാൻ ഒരു കൈ വിളക്കാണിത്. അല്ലാഹു സ്വീകരിക്കട്ടെ!

## *തൗഹീദും പ്രസക്തിയും* أهمية التوحيد :

- സൃഷ്ടാവിനോടുള്ള കടമകളിൽ ആദ്യത്തേതാണ് തൗഹീദ്.
- മനുഷ്യർ ചെയ്യേണ്ട നന്മകളിൽ ആദ്യത്തേതും ഉന്നതവും,
- പരലോക വിചാരണയിൽ ആദ്യത്തേതും ഗൗരവമേറിയതും.
- നമസ്കാരവും, മറ്റേത് കർമ്മവും സ്വീകരിക്കപ്പെടാൻ ഒന്നാം നിബന്ധനയായി നിൽക്കുന്നത്. (ഖുർആൻ: 6: 88, 39: 65 ലും)
- നരകത്തിൽ പോകേണ്ടിവന്നവരെ ശുപാർശയിലൂടെ രക്ഷപ്പെടുത്തുന്നത്. (ഖുർആൻ: 20: 109, ഹദീസ്-മുസ്ലിം)
- അതിന്റെ അഭാവത്തിൽ നരകമോചന ശുപാർശ നഷ്ടപ്പെടുന്നു.
- അതിന്റെ അഭാവത്തിൽ സ്വർഗ്ഗം നഷ്ടപ്പെടും, നരകം സ്ഥിര ഭവനമായിത്തീരുകയും ചെയ്യും. (ഖുർആൻ: 5: 72 ൽ)
- കഅ്ബ നിർമ്മാണം- ഇബ്റാഹീം നബി (അ) ക്ക് ഏൽപ്പിച്ചു കൊടുക്കുമ്പോൾഅല്ലാഹുനടത്തിയ കരാർ.(ഖുർആൻ:22:26ൽ)
- അല്ലാഹുവിൽ പങ്ക് ചേർക്കുന്നവർ വിശുദ്ധഹറമിൽ പ്രവേശിക്കുന്നതിനെഅല്ലാഹുനിരോധിച്ചിരിക്കുന്നു.(ഖുർആൻ: 9:28ൽ)
- ഖുർആന്റെ മൂന്നിലൊന്ന് ഭാഗം ചർച്ച ചെയ്യപ്പെടുന്നത്.
- ഹിജ്റക്കുംബദ്റിനും ഉഹ്ദിനും മറ്റു പീഢനങ്ങൾക്കുംഹേതു.
- എല്ലാപ്രവാചകരുടെയുംപ്രഥമപ്രബോധനം,(ഖുർആൻ:21:25ൽ)
- ഈ ലോകത്ത് സന്മാർഗ്ഗവും പരലോകത്ത് നിർഭയത്വവും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്. (ഖുർആൻ: 6: 82 ൽ)

## *തൗഹീദ് മനുഷ്യ പ്രകൃതിയിൽ*

'അല്ലാഹു തന്നെയാണ് രക്ഷിതാവെന്ന്' ആത്മാക്കളുടെ ലോകത്തുവെച്ച് നാമെല്ലാം സമ്മതിച്ചതാണ്. അവനെ മാത്രം ആരാധിക്കലും അവന്റെ ഗുണങ്ങൾ അവന് മാത്രമായി അംഗീകരിക്കലും ഈ കരാറിന്റെ ധർമ്മമാണ്. അതിനാൽ' തൗഹീദ് മനുഷ്യ പ്രകൃതിയുടെ കരാറാണ്. അതിൽ വീഴ്ച വരുത്തുന്നത് അല്ലാഹുവിനോടുള്ള കരാർ ലംഘനമാണ്. പ്രകൃതി വിരുദ്ധവുമാണ്.

وَإِذْ أَخَذَ رَبُّكَ مِن بَنِي آدَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَى أَنفُسِهِمْ أَلَسْتَ بِرَبِّكُمْ قَالُوا بَلَى شَهِدْنَا أَن تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَذَا غَافِلِينَ (١٧٢) أَوْ تَقُولُوا إِنَّمَا أَشْرَكَ آبَاؤُنَا مِن قَبْلُ وَكُنَّا ذُرِّيَّةً مِّن بَعْدِهِمْ أَفَتُهْلِكُنَا بِمَا فَعَلَ الْمُبْطِلُونَ(١٧٣)سورة الأعراف

''നിന്റെ രക്ഷിതാവ് ആദം സന്തതികളിൽനിന്ന്,അവരുടെ മുതുകുകളിൽനിന്ന്അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ടുവരികയുംഅവരുടെ കാര്യത്തിൽ അവരെത്തന്നെ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭവും(ഓർക്കുക). (അവൻ ചോദിച്ചു:) 'ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ'? അവർ പറഞ്ഞു:അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. 'തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു'എന്ന് ഉയിർത്തെഴുന്നേൽപ്പിന്റെനാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്).അല്ലെങ്കിൽ'മുമ്പ്തന്നെ ഞങ്ങളുടെ പൂർവ്വ പിതാക്കൾ അല്ലാഹുവോട് പങ്ക് ചേർത്തിരുന്നു. ഞങ്ങൾ അവർക്കുശേഷം സന്തതി പരമ്പരകളായി വന്നവർ മാത്രമാണ്.എന്നിരിക്കെ ആ അസത്യവാദികൾ പ്രവർത്തിച്ചതിന്റെ പേരിൽ നീ ഞങ്ങളെ നശിപ്പിക്കുകയാണോ' എന്ന് നിങ്ങൾ പറഞ്ഞേക്കും എന്നതിനാൽ''

(ഖുർആൻ:അധ്യായം 7 അഅ്റാഫ്: വചനം172-173)

നോക്കൂ നാമെല്ലാം ശിർക്കിനതിരെ തൗഹീദിന്റെ കരാർ ചെയ്തത്. ഈ കരാറിനെ ഓർമ്മിപ്പിച്ചുകൊണ്ട് പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും വന്നു.അതിനാൽ ശിർക്കിൽ നിന്ന് മോചിപ്പിക്കാനായുള്ള തൗഹീദീ സേവനം പ്രബോധനത്തിൽ പ്രഥമ സ്ഥാനത്താണ്.

## *തൗഹീദിന് അടിസ്ഥാനം*

അല്ലാഹുവിനെ ഏകനാക്കണമെന്നതിന് അടിസ്ഥാന വചനങ്ങൾ:

قُلْ هُوَ اللَّهُ أَحَدٌ (١) سورة الإخلاص

''(നബിയേ)പറയുക;കാര്യംഅല്ലാഹു ഏകനാണ് എന്നതാകുന്നു'

(ഖുർആൻ: അധ്യായം 112 ഇഖ്ലാസ്: 1)

وَهُوَ الْوَاحِدُ الْقَهَّارُ (١٦) سورة الرعد

''അവൻഏകനും സർവ്വാധിപതിയുമാകുന്നു'(ഖുർആൻ:13റഅദ്:16)

***ഭാഷാർത്ഥം:***

أَحَدٌ (അഹദ്), وَاحِدٌ (വാഹിദ്) ഏകൻ وَحَّدَ (വഹ്ഹദ)ഏകനാക്കി എന്നതിന്റെ ക്രിയാധാതുവാണ് تَوْحِيدٌ (തൗഹീദ്) ഏകനാക്കൽ.

## *എന്താണ് തൗഹീദ് ?* ما هو التوحيد

التوحيد: افراد الله تعالى في ربوبيته وألوهيته وأسمائه وصفاته ولا يشرك به شيئا

'സൃഷ്ടിക്കുന്നവനും-സംരക്ഷിക്കുന്നവനും, ആരാധനകൾക്കർഹനും അല്ലാഹു മാത്രമാണ് എന്നും, അപ്രകാരം അവന്റെ നാമ, വിശേഷണങ്ങൾ അവന് മാത്രമാണെന്നും അംഗീകരിക്കുക. സൃഷ്ടികളിൽ ആരെയും ഒന്നിനേയും അതിൽ അവനോട് പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക.' എന്നതാണ് തൗഹീദ്. (അഥവാ, അല്ലാഹുവിനെ ഏകനാക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.)

അതിലേക്ക് സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു:

"رَبُّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهِ هَلْ تَعْلَمُ لَهُ سَمِيًّا
(٦٥) سورة مريم"

'ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവനുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചു നിൽക്കുകയും ചെയ്യുക. അവന് പേരൊത്ത ആരെയെങ്കിലും താങ്കൾക്ക് അറിയാമോ?'(ഖുർആൻ: അധ്യായം 19 മർയം: വചനം: 65)

പ്രപഞ്ചവും അതിൽ ജീവനുള്ളതും ജീവനില്ലാത്തതുമായ സർവ്വതിനെയും സൃഷ്ടിച്ചത് അല്ലാഹു മാത്രം. ഒരോന്നിനും ആവശ്യമായത് ആവശ്യമുള്ള സമയത്ത് നൽകി സംരക്ഷിക്കുന്നതും അവൻ മാത്രം. അതെ, റബ്ബ് അവൻ മാത്രമാണ്. റബ്ബായിട്ടുള്ളവൻ ആരാധനക്കർഹനാണ്. റബ്ബ് മാത്രമേ ആരാധനകൾക്കർഹനാകൂ, ആരാധനകളിൽ ഒന്നും തന്നെ റബ്ബ് അല്ലാത്തവർക്ക് അർപ്പിക്കാൻ പാടുള്ളതല്ല. അവന്റെ നാമ - വിശേഷണങ്ങൾ അവന് മാത്രമുള്ളതാണ്, അവൻ ഒരു സൃഷ്ടിയോടും ഒരു നിലക്കും തുല്യ നല്ല. അതിനാൽ അവന്റെ ആ പ്രത്യേകമായ ഗുണങ്ങളിൽ ഒന്നും തന്നെ ഒരു സൃഷ്ടിക്കും വെച്ചു കെട്ടാനും പാടില്ല.

അല്ലാഹുവിന്റെ ഏകത്വം മൂന്ന് വിധത്തിൽ അംഗീകരിക്കണം;

(١) تَوْحِيدُ الرُّبُوبِيَّةِ

(1) സൃഷ്ടിപ്പിലും, സംരക്ഷണത്തിലും (റുബൂബിയ്യത്തിൽ)

(٢) تَوْحِيدُ الْأُلُوهِيَّةِ

(2) ആരാധനകളുടെ അർഹതയിൽ (ഉലൂഹിയ്യത്തിൽ)

(٣) تَوْحِيدُ الْأَسْمَاءِ وَالصِّفَاتِ

(3) നാമ,വിശേഷണങ്ങളിൽ (അസ്മാഉ വ സ്വിഫാത്തിൽ)

ഇതിൽ ആദ്യത്തെത് മതനിഷേധികളല്ലാത്തവരെല്ലാം അംഗീകരിച്ചതാണ്. മൂന്നാമത്തെതിൽ പലതും അംഗീകരിച്ചു. പക്ഷേ, കൂടുതൽവ്യതിയാനത്തിന് ഇടയാക്കിയതും സങ്കീർണ്ണതകൾ നിറഞ്ഞതും രണ്ടാമത്തെയിനമാണ്. അതെ, ആരാധനകൾ അല്ലാഹുവിന് മാത്രമാക്കുകയെന്നതിൽ - സൃഷ്ടാവിന് നന്ദി ചെയ്യുന്നതിൽ.

## *എന്താണ് ശിർക്ക് ?* ما هو الشرك

വിശ്വാസത്തിലും പ്രവർത്തിയിലും പ്രസ്തുത മൂന്നിനങ്ങൾ അല്ലാഹുവിന് തന്നെയാക്കാക്കുന്നതിന് തൗഹീദ് എന്നും എന്നാൽ അതിൽ ഒന്നിൽ ഒരുസൃഷ്ടിയെ അല്ലാഹുവിനോട് പങ്കുചേർത്തുകൊണ്ടുള്ള വ്യതിയാനത്തിന് 'ശിർക്ക്' എന്നും പറയുന്നു.

### *ഉദാഹരണം:*

അല്ലാഹു അല്ലാത്ത ആരോ സൃഷ്ടി നടത്തുന്നുവെന്ന വിശ്വാസവും, ജീവിതത്തിലെ സുഖ-ദുഖങ്ങളും ആപത്തുകളും ഐശര്യങ്ങളും അല്ലാഹു അല്ലാത്തവർ സമ്മാനിക്കുന്നുവെന്ന വിശ്വാസവും അത് അല്ലാഹുവിനോട്(റുബൂബിയ്യത്തിൽ)പങ്ക്ചേർക്കലാണ്.

8888888888888888888888888888

അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കലും അവർക്ക് നേർച്ച വഴിപാടുകൾ അർപ്പിക്കലും. അവരിൽ ഭരമേൽപ്പിക്കലും തുടങ്ങിയവ അല്ലാഹുവിനോട് (ഉലൂഹിയ്യത്തിൽ) പങ്ക്ചേർക്കലാണ്.

8888888888888888888888888888

അല്ലാഹു കാണുന്നത് പോലെ, കേൾക്കുന്നത് പോലെ, അറിയുന്നത് പോലെ അല്ലാഹു അല്ലാത്തവർ കാണുകയും കേൾക്കുകയുംഅറിയുകയും ചെയ്യുമെന്നുമുള്ള വിശ്വാസം,(അത് അല്ലാഹു നൽകിയതാണെന്ന് വിശ്വസിച്ചുകൊണ്ടാണെങ്കിലും.)അത് അല്ലാഹു വിനോട് (അസ്മാഉ വസ്വിഫാത്തിൽ ) പങ്ക്ചേർക്കലാണ്.

8888888888888888888888888888

ശിർക്ക് വിശ്വാസത്തിലും കർമ്മത്തിലുമുണ്ട്. വലിയ ശിർക്കും ചെറിയ ശിർക്കുമുണ്ട്.ശിർക്ക് എന്ന് മാത്രം പറയുമ്പോൾ വലിയ ശിർക്കാണുദ്ദേശം. വലിയശിർക്ക് അതിന്റെ വക്താവിനെ ഇസ്ലാമിക മില്ലത്തിൽ നിന്ന് പുറത്താക്കും. ചെറിയ ശിർക്കിനാൽ അങ്ങിനെ സംഭവിക്കില്ല.

കർമ്മങ്ങളിൽ അല്ലാഹുവിന്റെ തൃപ്തി ഉദ്ദേശിക്കാതെ ലോക

മാന്യതക്കുവേണ്ടി ചെയ്യുന്നത് (رياء) ചെറിയ ശിർക്കാണ്.

ഇനി, വലിയ ശിർക്കിന്റെ അപകടങ്ങൾ മനസ്സിലാക്കാം:

## *പങ്ക് ചേർക്കുന്നതിന്റെ ദൂഷ്യങ്ങൾ:* مضار الشرك

### *(1) ശിർക്ക് ഏററവും വലിയ പാപമാണ്:*

وَإِذْ قَالَ لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ يَا بُنَيَّ لَا تُشْرِكْ بِاللَّهِ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ (١٣) سورة لقمان

"ലുഖ്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കേ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു.)' എന്റെ കുഞ്ഞു മകനേ, നീ അല്ലാഹുവോട് പങ്ക് ചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്ക്ചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.".(ഖുർആൻ: അധ്യായം 31 ലുഖ്മാൻ: വചനം: 13)

عَنْ عَبْدِ اللَّهِ قَالَ سَأَلْتُ النَّبِيَّ - صلى الله عليه وسلم - أَيُّ الذَّنْبِ أَعْظَمُ عِنْدَ اللَّهِ قَالَ « أَنْ تَجْعَلَ لِلَّهِ نِدًّا وَهُوَ خَلَقَكَ » .رواه البخاري

"അല്ലാഹുവിന്റെയടുക്കൽ ഏറ്റവും വലിയ പാപമേതാണെന്ന് നബി(സ)യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു:അവൻ(അല്ലാഹു) നിന്നെ സൃഷ്ടിച്ചവനായിരിക്കേ അവന് നീ സമന്മാരെ വെക്കലാണ്."(ബുഖാരി)

അതെ, അല്ലാഹുവിനോട് സൃഷ്ടികളെ പങ്കുചേക്കുന്നതാണ് അഥവാ ശിർക്കാണ് ഏറ്റവും വലിയ പാപം.വലിയ അക്രമം എന്നു കൂടി അതിന് പേര് പറയുന്നു.

### *(2) ശിർക്കോടുകൂടി മരണപ്പെട്ടവർക്ക് അത് പരലോകത്ത് പൊറുക്കപ്പെടുകയില്ല:*

(അതിൽനിന്ന്പശ്ചാത്തപിക്കാതെയുംതൗഹീദ് പ്രകാരംജീവിതം ക്രമീകരിക്കാതെയും മരണപ്പെട്ടവർക്ക്)

إِنَّ اللَّهَ لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء وَمَن يُشْرِكْ بِاللَّهِ فَقَدِ افْتَرَى إِثْمًا عَظِيمًا(٤٨) سورة النساء

'തന്നോട് പങ്ക് ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്ക് ചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.'

(ഖുർആൻ: അധ്യായം 4 നിസാഅ്: വചനം: 48)

### *(3) ശിർക്കിനോടൊപ്പം ചെയ്യുന്ന സൽക്കർമ്മങ്ങൾ പരലോകത്ത് നഷ്ടപ്പെടുന്നു:*

وَلَوْ أَشْرَكُوا لَحَبِطَ عَنْهُم مَّا كَانُوا يَعْمَلُونَ (٨٨) سورة الأنعام

'അവർ(അല്ലാഹുവോട്)പങ്ക്ചേർത്തിരുന്നുവെങ്കിൽ, അവർ പ്രവർ

ത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു.' (ഖുർആൻ: അധ്യായം 6 അൻആം: 88,)

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ(٦٥) سورة الزمر

'തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്ന പക്ഷം, തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോവുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.' (ഖുർആൻ: അധ്യായം: 39 സുമർ: വചനം: 65)

فَمَن كَانَ يَرْجُو لِقَاء رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا (١١٠) سورة الكهف

''അതിനാൽ,വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ''(ഖു:18 കഹ്ഫ്:110).

### *(4) ശിർക്ക് ചെയ്തവന് സ്വർഗ്ഗം നിഷിദ്ധമാണ്; നരകം അവന്റെ സ്ഥിര ഭവനമായിരിക്കും:*

وَقَالَ الْمَسِيحُ يَا بَنِي إِسْرَائِيلَ اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ (٧٢) سورة المائدة

'എന്നാൽ മസീഹ് (ഈസാ നബി) പറഞ്ഞത് ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവീൻ. അല്ലാഹുവോട് വല്ലവനും പങ്ക് ചേർക്കുന്ന പക്ഷം, തീർച്ചയായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല' എന്നാണ്. (ഖുർആൻ: അധ്യായം 5 മാഇദ: വചനം 72)

### *(5) ശിർക്കോടുകൂടി മരണപ്പെട്ടവർക്ക് നരക മോചനത്തിനുള്ള ശുപാർശ ലഭിക്കുകയില്ല:*

عَنْ أَبِى هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ -صلى الله عليه وسلم- « لِكُلِّ نَبِىٍّ دَعْوَةٌ مُسْتَجَابَةٌ فَتَعَجَّلَ كُلُّ نَبِىٍّ دَعْوَتَهُ وَإِنِّى اخْتَبَأْتُ دَعْوَتِى شَفَاعَةً لأُمَّتِى يَوْمَ الْقِيَامَةِ فَهِىَ نَائِلَةٌ إِنْ شَاءَ اللَّهُ مَنْ مَاتَ مِنْ أُمَّتِى لاَ يُشْرِكُ بِاللَّهِ شَيْئًا ». رواه مسلم في كتاب الإيمان

'അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: 'എല്ലാ നബിമാർക്കും ഉത്തരം ലഭിക്കുന്ന ഒരു പ്രാർത്ഥനക്ക് അവസരം ലഭിച്ചു. എല്ലാ നബിമാരും അത് ഈ ലോകത്ത് ഉപയോഗിച്ചു. ഞാനാവട്ടെ, എനിക്കു ലഭിച്ച അവസരം സൂക്ഷിച്ച് വെക്കുന്നു.(പരലോകത്ത്)എന്റെ സമുദായക്കാർക്ക് ശുപാർശ ചെ

യ്യാൻവേണ്ടി. അല്ലാഹു ഉദ്ദേശിച്ചാൽ എന്റെ സമുദായക്കാരിൽ നിന്ന് അല്ലാഹു വിനോട് ഒന്നും പങ്ക് ചേർക്കാതെ മരണപ്പെട്ടവർക്ക് ആ പ്രാർത്ഥന (ശുപാർശ) ലഭിക്കും'. (ഹദീസ്: മുസ്‌ലിം).

അല്ലാഹു പറഞ്ഞു:

يَوْمَئِذٍ لَا تَنفَعُ الشَّفَاعَةُ إِلَّا مَنْ أَذِنَ لَهُ الرَّحْمَنُ وَرَضِيَ لَهُ قَوْلًا (١٠٩) سورة طـه

"അന്നേ ദിവസം പരമ കാരുണികൻ ആരുടെ കാര്യത്തിൽ അനുമതിനൽകുകയും ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ അവന്നല്ലാതെ ശുപാർശ പ്രയോജനപ്പെടുകയില്ല". (ഖുർആൻ: അധ്യായം 20 ത്വാഹ: വചനം: 109)

"തൃപ്തിപ്പെട്ടവാക്ക്" അല്ലാഹുവല്ലാതെ ആരാധ്യനില്ല എന്ന തൗഹീദിന്റെ വചനമാണ്. അതനുസരിച്ച് ജീവിതം ക്രമീകരിക്കാത്തവർക്ക് ശഫാഅത്ത് ലഭിക്കില്ല.ഇബ്റാഹീംനബി(അ)ക്ക്പിതാവിനെപോലും ശുപാർശയിലൂടെ രക്ഷപ്പെടുത്താൻകഴിയുന്നില്ല-പിതാവിന്റെ ശിർക്ക് കാരണത്താൽ.

## *പങ്ക്ചേർക്കുന്നവരുടെ ന്യായീകരണം:* توجيه للشرك

ശിർക്കു ചെയ്തിരുന്നവർ അതിനെ സമൂഹം ശരിവെക്കാനും അതിന് സ്ഥിരത ലഭിക്കാനും വേണ്ടി അതിനെ ന്യായീകരിച്ചിരുന്നു.ആദികാലം മുതൽക്ക് തന്നെ. അന്നത്തെ ന്യായീകരണങ്ങൾ തന്നെ ഇന്നും നിലനിൽക്കുന്നു:

***(1) മഹാന്മാർ അല്ലാഹുവിലേക്ക് അടുപ്പിക്കാൻ വേണ്ടിയെന്ന്.***

എന്നാൽ ആ ന്യായീകരണത്തെ അല്ലാഹു എതിർക്കുന്നു.

أَلَا لِلَّهِ الدِّينُ الْخَالِصُ وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ (٣) سورة الزمر

"അറിയുക,അല്ലാഹുവിന്മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ(പറയുന്നു) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻവേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധി കല്പിക്കുകതന്നെചെയ്യും. നുണയനും നന്ദി കെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല;തീർച്ച.'

(ഖുർആൻ : അധ്യായം 39 സുമർ: വചനം:3 )

***(2) അവർ അല്ലാഹുവിന്റെയടുത്ത് തങ്ങൾക്ക് ശുപാർശ ചെയ്യാൻ വേണ്ടിയാണെന്ന്.***

പ്രസ്തുത ന്യായവും അല്ലാഹു എതിർക്കുന്നു.

وَيَعْبُدُونَ مِن دُونِ اللهِ مَا لاَ يَضُرُّهُمْ وَلاَ يَنفَعُهُمْ وَيَقُولُونَ هَٰؤُلاء شُفَعَاؤُنَا عِندَ اللهِ قُلْ أَتُنَبِّئُونَ اللهَ بِمَا لاَ يَعْلَمُ فِي السَّمَاوَاتِ وَلاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ (١٨) سورة يونس

"അല്ലാഹുവിനു പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെയടുക്കൽ ഞങ്ങൾക്കുള്ള ശുപാർശ കരാണ്എന്ന് പറയുകയും ചെയ്യുന്നു.(നബിയേ) പറയുക, ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ല കാര്യവുംനിങ്ങളവന് അറിയിച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു." (ഖുർആൻ: 10: യൂനുസ് വചനം: 18 )

***(3) ഞങ്ങളുടെ ആരാധ്യർക്ക് സ്വന്തമായി കഴിവില്ല, അല്ലാഹു കൊടുത്ത കഴിവിൽ നിന്ന് അവർ സഹായിക്കും എന്ന വിശ്വാസത്തോടെയാണ് ഞങ്ങൾ അവരോട് സഹായം തേടുന്നത്.***

അറബ് മുശ്‌രിക്കുകളും ഇതേ നിലപാടിലായിരുന്നു. അതിനെ നബി(സ) ശക്തമായി വിമർശിച്ചത് ഹദീസിൽ കാണുക:

عَنِ ابْنِ عَبَّاسٍ - رضى الله عنهما - قَالَ كَانَ الْمُشْرِكُونَ يَقُولُونَ لَبَّيْكَ لاَ شَرِيكَ لَكَ - قَالَ - فَيَقُولُ رَسُولُ اللَّهِ -صلى الله عليه وسلم- « وَيْلَكُمْ قَدْ قَدْ ». فَيَقُولُونَ إِلاَّ شَرِيكًا هُوَ لَكَ تَمْلِكُهُ وَمَا مَلَكَ. يَقُولُونَ هَذَا وَهُمْ يَطُوفُونَ بِالْبَيْتِ./ رواه مسلم

ഇബ്നു അബ്ബാസ്(റ)വിൽനിന്ന് മുസ്‌ലിം ഉദ്ധരിക്കുന്നു:' മുശ്‌രിക്കുകൾ(തൽബിയ്യത്തിൽ)പറയും: അല്ലാഹുവേ നിന്റെ വിളിക്ക് ഞങ്ങൾ ഇതാ ഉത്തരം ചെയ്യുന്നു. നിനക്ക് പങ്കുകാരില്ല,' എന്ന്. അപ്പോൾ റസൂൽ (സ) അവരോട് പറയും 'അവിടെ നിർത്തുക; (ശേഷമുള്ള വാക്ക്)നിങ്ങൾക്ക് നാശമാണ്.' എന്ന്. പക്ഷേ, അവർ (തുടർന്നു)പറയും: ഒരു പങ്കുകാരൻ നിനക്കുണ്ട്. ആ പങ്കുകാരൻ നിന്റെ ഉടമയിലുള്ളതാണ്. ആ പങ്കുകാരൻ ഉടമപ്പെടുത്തിയിരിക്കുന്ന (കഴിവുകളും) നിന്റെ ഉടമയിലുള്ള താണ്'.(സ്വന്തമായികഴിവില്ലാത്ത-സ്വമദല്ലാത്ത പങ്കുകാരൻ). കഅ്ബം ത്വവാഫ് ചെയ്തു കൊണ്ടിരിക്കേ അവരിത് പറയുമായിരുന്നു:'(ഹദീസ്:മുസ്‌ലിം).

അല്ലാഹു അല്ലാത്തവർക്ക്(മരണപ്പെട്ട മഹാന്മാരോ മറ്റാരാണെങ്കിലും) അവർക്ക് സ്വയം പര്യാപ്തതയില്ല, അല്ലാഹു കൊടുത്ത കഴിവിൽനിന്ന് സഹായിക്കുമെന്ന് വിശ്വസിച്ചു കൊണ്ടാണെങ്കിലും അല്ലാഹുവിന് മാത്രമായത് അവർക്ക് വക വെച്ചു കൊടുക്കുന്നത് തന്നെയാണ് ശിർക്കെന്ന് ഈ ഹദീസ് ബോധ്യപ്പെടുത്തുന്നു. തൗഹീദിന് തെളിവുണ്ട്. ശിർക്ക് ചെയ്യുന്നതിന് പ്രമാണത്തിന്റെ തെളിവില്ല; അനുകരണമാണുള്ളത് എന്ന് കൂടിബോധ്യപ്പെടുന്നു.

## *തൗഹീദിന്റെ ഇനങ്ങൾ :* أنواع التوحيد

### (١) توحيد الربوبية

### *(1) സൃഷ്ടി-സംരക്ഷണത്തിൽ ഏകനാക്കൽ*

هو الإعتقاد بأن الله هو الخالق الرازق المدبر لايشاركه فيه احد

'സൃഷ്ടിക്കുകയും ഭക്ഷണം നൽകുകയും നിയന്ത്രിക്കുകയും ചെയ്യുന്നവൻ അല്ലാഹു മാത്രമാണ്. അതിൽ അവന് ഒരു പങ്കു കാരനുമില്ല എന്ന് ദൃഢമായി വിശ്വസിക്കലാണ്.

താഴെ കൊടുത്തിരിക്കുന്ന ഖുർആൻ വചനങ്ങളിലൂടെ നമുക്ക് ഈ എകത്വം ഗ്രഹിക്കാം. അല്ലാഹു പറഞ്ഞു:

أفرأيتم مَّا تُمْنُونَ (٥٨) أأنتمْ تَخْلُقُونَهُ أَمْ نَحْنُ الْخَالِقُونَ (٥٩) سورة الواقعة

അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പററി നിങ്ങൾചിന്തിച്ചു നോ ക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്. അതോ നാമാണോ സൃഷ്ടികർത്താവ്.

(ഖുർആൻ: അധ്യായം 56 വാഖിഅ: വചനം: 58.59)

أفرأيتم مَّا تَحْرُثُونَ (٦٣) أأنتمْ تَزْرَعُونَهُ أَمْ نَحْنُ الزَّارِعُونَ (٦٤) لَوْ نَشَاء لَجَعَلْنَاهُ حُطَامًا فَظَلْتُمْ تَفَكَّهُونَ (٦٥) سورة الواقعة

എന്നാൽ, നിങ്ങൾ കൃഷിചെയ്യുന്നതിനെപ്പററി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിച്ച് വളർത്തു ന്നത് അതല്ല, നാമാണോ അത് മുളപ്പിച്ച് വളർത്തുന്നവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അത് (വിള) നാം തുരുമ്പാക്കിത്തീ ർക്കുമായിരുന്നു. അപ്പോൾ നിങ്ങൾ അതിശയപ്പെട്ട് പറഞ്ഞു കൊണ്ടിരിക്കുമായിരുന്നു; തീർച്ചയായും ഞങ്ങൾ കട ബാധിതർ തന്നെയാകുന്നു എന്ന് '

(വിശുദ്ധ ഖുർആൻ: അധ്യായം 56 : വചനം 63 -67)

أفَرَأَيْتُمُ الْمَاء الَّذِي تَشْرَبُونَ (٦٨) أأنتمْ أنزَلْتُمُوهُ مِنَ الْمُزْنِ أَمْ نَحْنُ الْمُنزِلُونَ (٦٩) لَوْ نَشَاء جَعَلْنَاهُ أُجَاجًا فَلَوْلَا تَشْكُرُونَ (٧٠) سورة الواقعة

'ഇനി നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പററി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറ ക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരു ന്നുവെങ്കിൽ അത് നാം ദുസ്സ്വാദുള്ളവെള്ളമാക്കാമായിരുന്നു. എന്നി രിക്കെ നിങ്ങൾ നന്ദി കാണിക്കാത്തതെന്ത്'?

(ഖുർആൻ: അധ്യായം 56 വാഖിഅ: വചനം: 68.-70)

സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവൻ മാത്രമേ ആരാ ധനക്കർഹനാവൂ.അവനെ മാത്രം ആരാധിക്കലാണ് നന്ദി. മറ്റുള്ള വർക്ക് ആരാധന സമർപ്പിക്കുന്നത് ഏറ്റവുംവലിയ നന്ദികേടാണ്.

അല്ലാഹു പറഞ്ഞു:

يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ} (٢١) الَّذِي جَعَلَ لَكُمُ الأَرْضَ فِرَاشاً وَالسَّمَاء بِنَاء وَأَنزَلَ مِنَ السَّمَاء مَاء فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقاً لَّكُمْ فَلاَ تَجْعَلُوا لِلّهِ أَندَاداً وَأَنتُمْ تَعْلَمُونَ (٢٢) سورة البقرة

'ജനങ്ങളേ നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെനാഥനെ നിങ്ങൾ ആരാധിക്കുവീൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച്ജീവി)ക്കാൻവേണ്ടിയത്രെ അത്. നിങ്ങൾക്കുവേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപ്പുരയാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞ് തന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപ്പാദിപ്പിച്ചുതരികയുംചെയ്ത(നാഥനെ)അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്.

(ഖുർആൻ: അധ്യായം 2 ബഖറ: വചനം:21-22)

അറബ് മുശ്‌രിക്കുകൾ സ്രഷ്ടാവും സംരക്ഷകനും അല്ലാഹു മാത്രമാണെന്ന് അംഗീകരിക്കുകയും എന്നാൽ അത് സിദ്ധാന്തിക്കുന്ന ആരാധന അല്ലാഹുവിന് മാത്രം എന്ന(ആരാധനയിലെ) ഏകത്വത്തെ അവർ നിഷേധിക്കുകയുംചെയ്തു. അല്ലാഹുവിനെയും ആരാധിച്ചു.അല്ലാഹുവിന് പുറമെ സൃഷ്ഠികളെയും ആരാധിച്ചുകൊണ്ട് അവർ പങ്ക്ചേർത്തു. അല്ലാഹു അതിനെ വിവരിക്കുന്നു:

وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ وَسَخَّرَ الشَّمْسَ وَالْقَمَرَ لَيَقُولُنَّ اللَّهُ فَأَنَّى يُؤْفَكُونَ (٦١) سورة العنكبوت

'ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട്(ബഹു ദൈവ വിശ്വാസികളോട്) ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങിനെയാണ് അവർ (സത്യത്തിൽനിന്ന്) തെററിക്കപ്പെടുന്നത്.'

(ഖുർആൻ: അധ്യായം 29 അൻകബൂത്: വചനം: 61 )

قُلْ مَن يَرْزُقُكُم مِّنَ السَّمَاء وَالأَرْضِ أَمَّن يَمْلِكُ السَّمْعَ والأَبْصَارَ وَمَن يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيَّتَ مِنَ الْحَيِّ وَمَن يُدَبِّرُ الأَمْرَ فَسَيَقُولُونَ اللّهُ فَقُلْ أَفَلاَ تَتَّقُونَ (٣١) سورة يونس

പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചയും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാ

ണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

(ഖുർആൻ: അധ്യായം 10 യൂനുസ്: വചനം: 31 )

അതെ, അല്ലാഹു മാത്രമാണ് റബ്ബ് എന്ന് മക്കാ മുശ്രിക്കുകളും അംഗീകരിച്ചിരുന്നു.പക്ഷേ, അല്ലാഹുഅല്ലാത്തവരെയും ആരാധിച്ചു കൊണ്ട് ആരാധനക്കർഹതയിൽ അവർ അല്ലാഹുവിനോട് പങ്ചേർത്തു. അതിനാൽ റബ്ബ് അല്ലാഹു മാത്രമാണെന്ന' അംഗീകാരംകൊണ്ട് മാത്രം അവർ തൗഹീദുള്ളവരാണെന്ന് പറയാൻ കഴിയാതായി.

## الشرك في الربوبية

## *റുബൂബിയ്യത്തിൽ പങ്ക് ചേർത്തത്:*

ജീവിതത്തിലെ കുടുക്കുകൾ അഴിക്കുന്നതും,വിഷമങ്ങൾ മാറ്റുന്നതും ആവശ്യങ്ങൾ നിറവേറ്റുന്നതും ആഗ്രഹങ്ങൾ സഫലീകരിക്കുന്നതും മഴ പെയ്യിപ്പിക്കുന്നതും തുടങ്ങിയ കാര്യങ്ങൾ റബ്ബായിട്ടുള്ളവൻ മാത്രംചെയ്യുന്നതാണ്. പക്ഷേ, അത് നബി(സ) ചെയ്യുന്നുവെന്ന് പലരും പറഞ്ഞുകൊണ്ടിരിക്കുന്നു.

അതെ, അല്ലാഹുവിന് മാത്രമായ റബ്ബ് (സംരക്ഷിക്കുന്നവൻ)എന്ന ഗുണത്തിൽ മുഹമ്മദ് നബി(സ)യെ പങ്ക് ചേർത്തുകൊണ്ടുള്ള വ്യതിയാനം. സ്വലാത്തിന്റെ രൂപത്തിലാണത്. നാരിയ്യത്തുസ്വലാത്താണത്. ചിലയിടങ്ങളിൽ കണ്ടുവരുന്നതും അർത്ഥമറിയാതെ പുണ്യമെന്ന് കരുതി പലരും ഉരുവിടുന്നതുമായ ഈ സ്വലാത്ത് മൂന്ന് ഉത്തമ നൂററാണ്ടു വരെ ഉണ്ടായിരുന്നില്ല.

"اللّهُمَّ صلِّ صَلَاةً كَامِلَةً وَسَلِّمْ سَلَامًا تَامًّا عَلَى سَيِّدِنَا مُحَمَّدٍ - الَّذِي تَنْحَلُّ بِهِ الْعُقَدُ وَتَنْفَرِجُ بِهِ الْكُرَبُ وَتُقْضَى بِهِ الْحَوَائِجُ وَتُنَالُ بِهِ الرَّغَائِبُ وَحُسْنُ الْخَوَاتِمِ وَيُسْتَسْقَى الْغَمَامُ بِوَجْهِهِ الْكَرِيمِ - وَعَلَى آلِهِ وَصَحْبِهِ فِي كُلِّ لَمْحَةٍ وَنَفَسٍ بِعَدَدِ كُلِّ مَعْلُومٍ لَكَ "

അല്ലാഹുവേ, നീ പൂർണ്ണമായ ഗുണം ചെയ്യേണമേ, നീ പൂർണ്ണമായ രക്ഷയും നൽകേണമേ ഞങ്ങളുടെ നേതാവായ മുഹമ്മദ് (സ)ക്ക്

→ എങ്ങിനെയുള്ളവർ. (ജീവിതത്തിലെ) കുടുക്കുകൾ അദ്ദേഹത്തെക്കൊണ്ട് അഴിയുന്നു, വിഷമങ്ങൾ അദ്ദേഹത്തെക്കൊണ്ട് മാറുന്നു, ആവശ്യങ്ങൾ അദ്ദേഹത്തെക്കൊണ്ട് നിറവേറപ്പെടുന്നു, ആഗ്രഹങ്ങൾ അദ്ദേഹത്തെക്കൊണ്ട് സഫലീകരിക്കപ്പെടുന്നു, നല്ലതായഅന്ത്യവും(അദ്ദേഹത്തെക്കൊണ്ട്) ഉണ്ടാവുന്നു. അദ്ദേഹത്തിന്റെ മാന്യമായ മുഖം കൊണ്ട് മേഘത്തോട് മഴ തേടപ്പെടും.

← അദ്ദേഹത്തിന്റെ കുടുബത്തിലും അനുചരന്മാരിലും, എല്ലാ

നിമിഷങ്ങളിലും ഓരോ ശ്വാസോഛ്വാസത്തിലും നിനക്കുള്ള എല്ലാ വസ്തുക്കളുടെയും (അറിവിന്റെയും) എണ്ണത്തിന്റെ അത്രയും (സ്വലാത്തും സലാമും) നീ ചൊരിയേണമേ!

ഇവിടെ 'അല്ലദീ തൻഹല്ലുബിഹി മുതൽ ബി വജ്ഹിഹിൽ കരീം' വരെയുള്ളത് ശിർക്കാണ്. അല്ലാഹുവിന്റെ മാത്രമായ ആ പ്രവർത്തികൾ നബി(സ)ക്ക് വെച്ച് കെട്ടിയിരിക്കുന്നു. അല്ലാഹുവിന്റെ റുബൂബിയത്തിലും വിശേഷണങ്ങളിലും നബി (സ)യെ പങ്ക് ചേർത്തു. ഇവിടെ بِهِ (അദ്ദേഹത്തെക്കൊണ്ട്) എന്നപ്രയോഗം കർത്താവായിട്ടുതന്നെയാണ്. എന്നാൽ അല്ലാഹു പറഞ്ഞത്:

وَإِن يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ وَإِن يُرِدْكَ بِخَيْرٍ فَلَا رَادَّ لِفَضْلِهِ يُصِيبُ بِهِ مَن يَشَاءُ مِنْ عِبَادِهِ (١٠٧) سورة يونس

'നിനക്ക് അല്ലാഹു വല്ല ദോഷവും ഏല്പിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസന്മാരിൽനിന്ന് താൻ ഇഛിക്കുന്നവർക്ക് അത്(അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു.''

(ഖുർആൻ:അധ്യായം 10: വചനം:107)

ഖുർആന്റെ ഈ പ്രഖ്യാപനത്തിനെതിരാണ് നാരിയ്യത്ത് സ്വലാത്ത് പ്രഖ്യാപിക്കുന്നത്. അതിനാൽ അത് ഉപേക്ഷിക്കേണ്ടതാണ്. എന്നാൽ, നബി (സ)ക്ക് സ്വലാത്ത് ചൊല്ലൽ വിശ്വാസിയുടെ ബാധ്യതയാണ്. അത് എങ്ങിനെയെന്ന് നബി (സ) സ്വഹാബാക്കൾക്ക് പഠിപ്പിച്ചുകൊടുത്തു. ബുഖാരിയുടെ ഹദീസ് നോക്കാം:

« اللَّهُمَّ صَلِّ عَلَى مُحَمَّدٍ ، وَعَلَى آلِ مُحَمَّدٍ ، كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ ، إِنَّكَ حَمِيدٌ مَجِيدٌ ، اللَّهُمَّ بَارِكْ عَلَى مُحَمَّدٍ ، وَعَلَى آلِ مُحَمَّدٍ ، كَمَا بَارَكْتَ عَلَى إِبْرَاهِيمَ ، وَعَلَى آلِ إِبْرَاهِيمَ ، إِنَّكَ حَمِيدٌ مَجِيدٌ » رواه البخاري

(അല്ലാഹുവേ, മുഹമ്മദ്(സ)യിലും അവിടുത്തെ കുടംബാദികളിലും നീ ഗുണംചെയ്യേണമേ, ഇബ്റാഹീം നബി (അ)യിലും അവിടുത്തെ കുടംബാദികളിലും നീ ഗുണം ചെയ്തതുപോലെ. നീ സ്തുത്യർഹനും വാഴ്ത്തപ്പെടുന്നവനുമാണ്. അല്ലാഹുവേ, മുഹമ്മദ്(സ)യിലും അവിടുത്തെ കുടംബാദികളിലും നീ അനുഗ്രഹം ചൊരിയേണമേ, ഇബ്റാഹീം നബി (അ) യിലും അവിടുത്തെ കുടംബാദികളിലും നീ അനുഗ്രഹം ചൊരിഞ്ഞതുപോലെ. നീ സ്തുത്യർഹനും വാഴ്ത്തപ്പെടുന്നവനുമാണ്.)

ഒരുസ്വലാത്തിന് പത്തിരട്ടി പ്രതിഫലമുണ്ട്. നമസ്കാരത്തിൽ തശഹുദിൽ ചൊല്ലേണ്ടതും ഇതുതന്നെ. അത് തശഹുദിൽ

നമാത്രമല്ല ഏത് സമയത്തും ചൊല്ലേണ്ടതാണ്.

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِهِ وَسَلِّمْ

എന്ന് ചുരുക്കിയെങ്കിലും ചൊല്ലുക. അവിടുത്തെപേര് കേട്ടാൽ

صَلَّى اللَّهُ عَلَيْهِ وَسَلَّمْ

എന്ന് ചൊല്ലുക. പിൽക്കാലത്ത് 'ഇബ്റാഹീം നാസിഅ' എന്ന ജൂതൻ ഇറക്കുമതി ചെയ്ത ശിർക്കുള്ള നാരിയ്യത്ത് സ്വലാത്ത് ഉപേക്ഷിക്കുക. (പേര്സൂചിപ്പിക്കുന്നത് പോലെ നരകത്തിലേക്കുള്ള സ്വലാത്താണത്).കാമിലിയ്യ സ്വലാത്ത് എന്നോ, താജുസ്സ്വലാത്ത് എന്നോ പേര് മാറ്റിയിട്ടും ശിർക്ക് ഒഴിവാകുന്നില്ലല്ലോ.

## (٢) توحيد الألوهية

## (2)ആരാധനക്കർഹതയിൽ ഏകനാക്കൽ

**********************************************************

ആരാധന അല്ലാഹുവിന് മാത്രമാക്കണമെന്നതിന് അടിസ്ഥാനമായ ചില വചനങ്ങളിതാ, അല്ലാഹു പറഞ്ഞു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ (٥٦) سورة الذاريات

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻവേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (ഖുർആൻ: 19 ദാരിയാത്ത്: 65)

بَلِ اللَّهَ فَاعْبُدْ وَكُن مِّنَ الشَّاكِرِينَ (٦٦) سورة الزمر

"അല്ല, അല്ലാഹുവെതന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക."(ഖുർആൻ: 39: 66)

وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا (٣٦) سورة النساء

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക.' (ഖുർആൻ: 4: 36)

وَاسْأَلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَا أَجَعَلْنَا مِن دُونِ الرَّحْمَٰنِ آلِهَةً يُعْبَدُونَ(٤٥) سورة الزخرف

'നിനക്കുമുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചുനോക്കുക.പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളെയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്'.(ഖുർആൻ:43:45)

عَنْ مُعَاذِ بْنِ جَبَلٍ قَالَ قَالَ النَّبِيُّ- صلى الله عليه وسلم« يَا مُعَاذُ أَتَدْرِى مَا حَقُّ اللَّهِ عَلَى الْعِبَادِ ». قَالَ اللَّهُ وَرَسُولُهُ أَعْلَمُ . قَالَ« أَنْ يَعْبُدُوهُ وَلاَ يُشْرِكُوا بِهِ شَيْئًا ، أَتَدْرِى مَا حَقُّهُمْ عَلَيْهِ » قَالَ اللَّهُ وَرَسُولُهُ أَعْلَمُ.قَالَ « أَنْ لاَ يُعَذِّبَهُمْ » روا البخاري

മുആദുബിൻ ജബൽ(റ)വിൽനിന്ന് നിവേദനം:നബി(സ)ചോദിച്ചു: ഓ, മുആദ് നിനക്കറിയുമോ. ദാസന്മാർക്ക് അല്ലാഹുവിനോടുള്ള ബാധ്യതയെന്തെന്ന്? അദ്ദേഹം പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും അറിയും. നബി (സ) പറഞ്ഞു: അവനെ ആരാ

ധിക്കുകയും. അവനോട് യാതൊന്നും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക.'എന്നതാണ്. നബി(സ)ചോദിച്ചു:നിനക്കറിയുമോ അല്ലാഹുവിന് ദാസന്മാരോടുള്ള ബാധ്യതയെന്തെന്ന്? അദ്ദേഹം പറഞ്ഞു: അല്ലാഹുവും അവന്റെറ റസൂലും അറിയും: നബി (സ) പറഞ്ഞു: അപ്രകാരം ചെയ്തവരെ ശിക്ഷിക്കാതിരിക്കുക എന്നതാണ്.' (ബുഖാരി)

ആരാധനകൾ അല്ലാഹുവിന് മാത്രമാക്കുക, അല്ലാഹു അല്ലാത്തവരെ ആരാധിക്കാതിരിക്കുക, എന്നത് 'ലാഇലാഹഇല്ലല്ലാ'എന്ന സാക്ഷ്യത്തിന്റെ ചുരുക്കമാണ്.

لا إله الا الله / له ركنان : النفي والإثبات – اولا نفي كل المعبودات سوى الله ،
وثانيا اثبات حق العبادة لله وحده فمعنى لا إله الا الله : لامعبود بحق الا الله

ലാഇലാഹഇല്ലല്ലാ എന്ന സാക്ഷ്യത്തിന് രണ്ട് അനിവാര്യ ഘടകങ്ങളുണ്ട്. ഒന്ന്: നിഷേധം. രണ്ട്:സ്ഥിരീകരണം. അതായത് അല്ലാഹുഒഴികെ ആരാധിക്കപ്പെടുന്ന സർവ്വതിനെയും നിഷേധിക്കുന്നു. എല്ലാ ആരാധനകളും അല്ലാഹുവിന് മാത്രമായി സ്ഥിരീകരിക്കുന്നു. അപ്പോൾ 'ലാഇലാഹ ഇല്ലല്ലാ' എന്ന സാക്ഷ്യത്തിന്റെ അർത്ഥം: 'യഥാർത്ഥത്തിൽ ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മററാരുമില്ല' എന്നാണ്. അല്ലാഹു പറഞ്ഞു:

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ الْبَاطِلُ (٣٠) سورة لقمان

'അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനുപുറമെ അവർ വിളിച്ചുപ്രാർത്ഥിക്കുന്നതെല്ലാം വ്യർത്ഥമാകുന്നു.'

( ഖുർആൻ: അധ്യായം 31: ലുഖ്മാൻ വചനം 30)

തൗഹീദിന്റെ മറ്റ് രണ്ടിനങ്ങളും ഇതിനെ കേന്ദ്രീകരിച്ചാണുള്ളത്. അതിനാൽ 'ആരാധനക്കർഹതയിലെ ഏകത്വത്തിൽ വരുത്തുന്ന വീഴ്ച തൗഹീദിന്റെ മറ്റ് ഇനങ്ങളിലും വീഴ്ചയുണ്ടാക്കും. അപ്പോൾ ആ വ്യക്തിയുടെ ഇസ്ലാംതന്നെ തകരാറിലാവുന്നു. ഇസ്ലാമിലേക്ക് ഒരാൾ എത്തുന്നത് തന്നെ ലാഇലാഹഇല്ലല്ലാ' എന്ന സാക്ഷ്യത്തിലൂടെയാണല്ലോ.

## *ആരാധന എന്ത്, എന്തെല്ലാം* العبادة وأنواعها

الصلاة، الصيام، الحج، العمرة، السجود، النذر، الذبح ، التوكل، الخشوع، الخوف، أشد الحب ، الرجاء ، الإنابة ، وغيرها مما يدل على أقصى غاية الخضوع والتذلل

നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, സാഷ്ടാംഗം, പ്രാർത്ഥന (അദൃശ്യ ഭാഗത്തുനിന്ന് കാര്യ-കാരണ ബന്ധമില്ലാത്ത അഥവാ മനുഷ്യ കഴിവിന് അതീതമായ കാര്യങ്ങൾക്കുള്ള സഹായത്തേ

ട്ടം,കാവൽതേട്ടം-ശരണം), നേർച്ച, ബലിസമർപ്പണം, ഭരമേൽപ്പിക്കൽ,ഭയം, ഭക്തി, അതിർകടന്ന സ്നേഹം, പ്രതീക്ഷ, കീഴൊതുങ്ങൽ തുടങ്ങി എല്ലാ വണക്കങ്ങളും ആരാധനകളാണ്.

(അടിമത്വവും അനുസരണയും ആരാധനയിൽ പെടുകില്ല. അത് അല്ലാഹു അല്ലാത്തവർക്ക് സമർപ്പിക്കുന്നത് ശിർക്കാകില്ല. മനുഷ്യർ തമ്മിൽ ഉണ്ടാകാവുന്ന അടിമ-ഉടമ സമ്പ്രദായം ഇസ്ലാം അംഗീകരിക്കുന്നു. മാതാപിതാക്കളെയും ഭരണാധിപനെയുംമറ്റും നന്മയിൽ അനുസരിക്കാൻ ഇസ്ലാം നിർബ്ബന്ധിക്കുന്നുമുണ്ട്.)

നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, സാഷ്ടാംഗം എന്നിവ ആരാധനകളാണെന്ന് തർക്കമില്ലാതെ എല്ലാവരും സമ്മതിക്കുന്നതാണ്. ആരാധനയുടെ മറ്റിനങ്ങളെ സംബന്ധിച്ച് പലരും അറിയാത്തവരാണ്. ഇവിടെ ചുരുക്കി വിവരിക്കാം.

### *പ്രാർത്ഥന ആരാധനയാണ്:* الدعاء عبادة

മറഞ്ഞ ഭാഗത്തുനിന്ന് കാര്യ-കാരണബന്ധങ്ങൾക്കതീതമായി (മനുഷ്യ കഴിവിന്നതീതമായി) ലഭിക്കേണ്ട സഹായത്തേട്ടവും, കാവൽ തേട്ടവുമാണല്ലോ പ്രാർത്ഥന. അത് ആരാധനയാണ്. ബദ്റിൽവെച്ച് നബി(സ)നടത്തിയ പ്രാർത്ഥനയെ സഹായത്തേട്ടം (ഇസ്തിഗാസ) എന്ന് അല്ലാഹു പറഞ്ഞു.

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ (٩) سورة الأنفال

''നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ്"എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി.''

(ഖുർആൻ അധ്യായം: 8: വചനം: 9 )

സൃഷ്ടികളോടുള്ള സഹായത്തേട്ടം ഖുർആൻ അനുവദിച്ചതുംഅനുവദിക്കാത്തതുമുണ്ട്.രണ്ടും വേർതിരിച്ചറിയണം. അനുവദിച്ചത്: സൃഷ്ടികളുടെ കഴിവിൽപെട്ടത് മാത്രം. ആ തേട്ടം ആരാധനയല്ല. അതിനാൽ അത്തരം സഹായം പരസ്പരം തേടാൻ അനുവദിച്ചു.

وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ (٢) سورة المائدة

'പുണ്യത്തിലും ധർമ്മ നിഷ്ഠയിലും നിങ്ങൾഅന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്' (ഖുർആൻ അധ്യായം 5 മാഇദ : വചനം: 2 )

ജീവിച്ചിരിക്കുന്നവർ പരസ്പരം കഴിയുന്ന-അതോടൊപ്പം അനുവദനീയവുമായ കാര്യങ്ങളിൽപരസ്പരം സഹായിക്കുകയും

സഹായം തേടുകയും ചെയ്യാം. എന്ന് മനസ്സിലാക്കാം. എന്നാൽ, മനുഷ്യ കഴിവിന് സാധിക്കാത്ത കാര്യങ്ങളിലുള്ള സഹായത്തേട്ടം സൃഷ്ടികളോട് നടത്തുന്നത് അനുവദിക്കപ്പെടാത്തതാണ്. പ്രസ്തുത തേട്ടം ആരാധനയാണ്. അത് അല്ലാഹുവിനോട് മാത്രമേ തേടാവൂ; അല്ലാഹു പറഞ്ഞു:

إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ (٥) سورة الفاتحة

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു." (ഖുർആൻ: 1 ഫാതിഹ: വചനം: 5) മാത്രം എന്ന ക്ലിപ്തത തൗഹീദിനെ സൂചിപ്പിക്കുന്നു. അതിന് മാത്രം എന്നർത്ഥമില്ല എന്ന് അടുത്ത കാലത്തായി ചിലരൊക്കെ പറഞ്ഞു തുടങ്ങി. ദുരുദ്ദേശ പരമാണ് അതെന്നോർക്കുക.

പ്രാർത്ഥന ആരാധനയാണെന്ന് ഖുർആനും ഹദീസും പറയുന്നു:

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ (٦٠) سورة غافر

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്. തീർച്ച'

(ഖുർആൻ: അധ്യായം 40 ഗാഫിർ: 60 )

ഇവിടെ 'എന്നെ ആരാധിക്കാതെ' എന്ന പ്രയോഗം പ്രാർത്ഥനയെക്കുറിച്ചാണല്ലോ. നബി(സ) പറയുന്ന ഹദീസു കൂടിനോക്കാം:

عَنِ النُّعْمَانِ بْنِ بَشِيرٍ عَنِ النَّبِيِّ -صلى الله عليه وسلم- قَالَ « الدُّعَاءُ هُوَ الْعِبَادَةُ »..رواه الترمذي

നുഅ്മാനുബിൻ ബശീർ(റ)വിൽ നിന്ന് നിവേദനം നബി(സ) പറഞ്ഞു:'പ്രാർത്ഥന അത് ആരാധന തന്നെയാണ് ' (തിർമിദി)

എന്നാൽ പ്രാർത്ഥന ആരാധനയാണെന്നറിയാതെ പലരും അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നു. മരണപ്പെട്ട മഹാന്മാരോട് (ഉദാഹരണം: നബിയേ പാപം പൊറുക്കേണമേ, ഐശ്വര്യം നൽകണേ, ബദ്രീങ്ങളേ കാക്കണേ, മുഹിയിദ്ധീൻ ശൈഖേ ഹിദായത്ത് തരണേ-ശഫാഅത്ത് തരണേ, നരകത്തിൽനിന്ന് രക്ഷപ്പെടുത്തേണമേ, നാഗൂർ ആണ്ടവരേ ഒരു സന്താനത്തെ നൽകണേ, അജ്മീർ ശൈഖേ എന്റെ കേസിൽ വിജയം തരണേ,പുത്തൻ പള്ളിതങ്ങളേ ഗൾഫിൽ ജോലി തരണേ, ബീമാ ഉമ്മാ ആപത്ത് നീക്കണേ),ഇത് പോലെ ജിന്നുകളോടും മലക്കുകളോടും മറ്റും പ്രാർത്ഥിക്കുന്നു. ഇവരെ സ്വമദാണെന്ന് (സ്വയം കഴിവുള്ളവരാണെന്ന്) കരുതിയിട്ടില്ലെങ്കിൽപ്പോലും അവ

രോടുള്ള ഈ തേട്ടം-പ്രാർത്ഥന ശിർക്കാണ്. അദൃശ്യ ഭാഗത്തു നിന്നുള്ള ഇത്തരം സഹായത്തേട്ടങ്ങൾ പ്രാർത്ഥനയല്ലെന്ന് പറഞ്ഞ് സമൂഹത്തെ ശിർക്കിലേക്കും അവിടുന്ന് നരകത്തിലേക്കും നയിക്കുന്ന വാദങ്ങൾ സൂക്ഷിക്കുക.

الدعاء لله وحده

## പ്രാർത്ഥന അല്ലാഹുവിനോട് മാത്രം

പ്രാർത്ഥനയുടെ അർഹതയെപ്പറ്റി അല്ലാഹു പറയുന്നു:

وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ(١٣) إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ (١٤) سورة فاطر

'അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോടു പ്രാർത്ഥിക്കുന്ന പക്ഷം, അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലാകട്ടെ, നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെപ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.'

(ഖുർആൻ അധ്യായം 35 ഫാത്വിർ: വചനം 13, 14)

إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ عِبَادٌ أَمْثَالُكُمْ فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِن كُنتُمْ صَادِقِينَ (١٩٤) سورة الأعراف

'തീർച്ചയായും അല്ലാഹുവിന് പുറമെ, നിങ്ങൾവിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസന്മാർ മാത്രമാണ്. എന്നാൽ നിങ്ങൾ അവരെ വിളിച്ചു പ്രാർത്ഥിക്കൂ. അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ. (ഖുർആൻ: അധ്യായം: 7 അഅ്റാഫ്: വചനം: 194)

وَالَّذِينَ تَدْعُونَ مِن دُونِهِ لا يَسْتَطِيعُونَ نَصْرَكُمْ وَلاَ أَنفُسَهُمْ يَنصُرُونَ(١٩٧) سورة الأعراف

''അവനുപുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്കു തന്നെയും അവർ സഹായം ചെയ്യുകയില്ല'.

(ഖുർആൻ: അധ്യായം 7 അഅ്റാഫ്: വചനം: 197)

قُلْ إِنِّي نُهِيتُ أَنْ أَعْبُدَ الَّذِينَ تَدْعُونَ مِن دُونِ اللَّهِ لَمَّا جَاءَنِيَ الْبَيِّنَاتُ مِن رَّبِّي وَأُمِرْتُ أَنْ أُسْلِمَ لِرَبِّ الْعَالَمِينَ} (٦٦) سورة غافر

(നബിയേ)പറയുക:''എന്റെ രക്ഷിതാവിങ്കൽനിന്ന് എനിക്ക് തെളിവുകൾ വന്നു കിട്ടിയിരിക്കെ അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവരെ ആരാധിക്കുന്നതിൽനിന്ന് തീർച്ചയാ

യും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു. ലോകങ്ങളുടെ രക്ഷിതാവിന് ഞാൻ കീഴ്പ്പെടണമെന്ന് കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

قُلْ إِنَّمَا أَدْعُو رَبِّي وَلَا أُشْرِكُ بِهِ أَحَدًا (٢٠) سورة الجن'

(നബിയേ)പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്ക് ചേർക്കുകയില്ല'(ഖുർആൻ:അധ്യായം 72 ജിന്ന്:വചനം: 20)

وَمَن يَدْعُ مَعَ اللَّهِ إِلَهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِندَ رَبِّهِ إِنَّهُ لَا يُفْلِحُ الْكَافِرُونَ (١١٧) سورة المؤمنون

'വല്ലവനും അല്ലാഹുവോടൊപ്പം മററു വല്ല ദൈവത്തെയും വിളിച്ച് പ്രാർത്ഥിക്കുന്ന പക്ഷം,-അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ലതന്നെ-അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽവെച്ച് തന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല തീർച്ച'. '

(ഖുർആൻ: അധ്യായം 23 മുഅ്മിനൂൻ: വചനം: 117)

وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّهِ مَن لَّا يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَن دُعَائِهِمْ غَافِلُونَ (٥) وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَاء وَكَانُوا بِعِبَادَتِهِمْ كَافِرِينَ (٦) سورة الأحقاف

'അല്ലാഹുവിന്പുറമെ ഉയിർത്തെഴുന്നേൽപ്പിന്റെ നാൾവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പററി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും'.

(ഖുർആൻ: അധ്യായം: 46 അഹ്ഖാഫ്: വചനം: 5. 6)

فَلَا تَدْعُ مَعَ اللَّهِ إِلَهًا آخَرَ فَتَكُونَ مِنَ الْمُعَذَّبِينَ (٢١٣) سورة الشعراء

,ആകയാൽ അല്ലാഹുവോടൊപ്പം മറെറാരു ദൈവത്തെയും നീ വിളിച്ചു പ്രാർത്ഥിക്കരുത്. എങ്കിൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും'.'

(ഖുർആൻ: അധ്യായം 26 ശുഅറാ: വചനം: 213).

എപ്പോഴും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവരാണെങ്കിലുംഏതെങ്കിലും അവസരത്തിൽ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിച്ചാൽ അത് ശിർക്കായി. കാരണം, അല്ലാഹുവിന് മാത്രം അവകാശപ്പെട്ടത് മറ്റുള്ളവർക്ക് നൽകുകയാണത്.

സന്നിഗ്ദ ഘട്ടത്തിൽ അല്ലാഹുവിനെത്തന്നെ വിളിച്ച് പ്രാർത്ഥിക്കുകയും എന്നാൽ മറ്റവസരങ്ങളിൽ അല്ലാഹു അല്ലാത്തവരെ

യും വിളിച്ച്പ്രാർത്ഥിച്ച മക്കാ മുശ്‌രിക്കുകളെപ്പറ്റി അങ്ങിനെചെയ്തത് ശിർക്കാണെന്ന് അല്ലാഹു പറഞ്ഞു:

فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ (٦٥) سورة العنكبوت'

എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുകയും എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്ക്ചേർക്കുന്നു.' (ഖുർആൻ: 29: അൻകബൂത്ത് : വചനം 65).

ബദർ യുദ്ധത്തിന് പുറപ്പെടുമ്പോൾ അബൂജഹൽ കഅ്ബയുടെ ഖില്ലപിടിച്ചുകൊണ്ട്(രണ്ട് കക്ഷികളിൽ സത്യത്തിന്റെ കക്ഷിയെ നീ വിജയിപ്പിക്കേണമേ! എന്ന്) പ്രാർത്ഥിച്ചത് അല്ലാഹുവിനോടാണ് എന്നോർക്കുക. ഖബർ സിയാറത്തെന്ന പേരിൽ ചിലർ മരണപ്പെട്ട മഹാന്മാരോട് നേരിട്ട് തേടുന്നു. മൗലിദ്. റാത്തീബ്. ഖുത്ബിയത്തുകളിലും മരണപ്പെട്ട മഹാന്മാരോട് നേരിട്ടുള്ള പ്രാർത്ഥനയുണ്ട്.

## الشرك في الألوهية (في الدعاء)

## *ആരാധനക്കർഹതയിൽ പങ്കുചേർത്തത്:*

## *(പ്രാർത്ഥനയെന്ന ആരാധനയിൽ)*

മഹാന്മാർ മരണപ്പെട്ടശേഷം അവരുടെ ആദർശത്തിനെതിരായി അവരെ ചിത്രീകരിച്ചിട്ടുണ്ട്. ശിർക്കിനെതിരെ വിപ്ലവം നടത്തിയ ഇബ്റാഹീം നബി (അ) മരണപ്പെട്ടശേഷം മക്കാ മുശ്‌രിക്കുകൾ അദ്ദേഹത്തെ ആരാധിച്ചു. അദ്ദേഹത്തോട് തന്നെ പ്രാർത്ഥിക്കുകയും ഭരമേൽപ്പിക്കുകയുമുണ്ടായി.വിഗ്രത്തെ തകർത്തതിന് തീ കുണ്ഠത്തിലെറിയപ്പെട്ട ആ മഹാന്റെ തന്നെ വിഗ്രഹമുണ്ടാക്കി ശിർക്കിനെതിരെ നിലകൊള്ളുന്ന കഅ്ബയിൽ കയറ്റി ആരാധിച്ചു.

മുഹമ്മദ് നബി(സ)യും അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നതിനും ഭരമേൽപ്പിക്കുന്നതിനും നേർച്ച, വഴിപാടുകളും ബലിയും അർപ്പിക്കുന്നതിനുമെതിരേ പോരാടി.ഹിജ്റയും ബദ്റും ഉഹ്ദും നിരവധി പീഢനങ്ങളും അതിന്റെ പേരിൽ സംഭവിച്ചതാണ്. ആ നബി(സ)യുടെ മരണശേഷം നബിയെത്തന്നെ വിളിച്ച് പ്രാർത്ഥിക്കുന്ന അവസ്ഥയുണ്ടായി. നബിയിൽ ഭരമേൽപ്പിച്ചു. നേർച്ച വഴിപാടുകളും ബലിയും അർപ്പിച്ചു.

മുഹിയിദ്ധീൻ ശൈഖും തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിച്ചു. അതിനായി ത്യാഗം വരിച്ചു. ആ മഹാന്റെയും മരണശേഷം

അദ്ദേഹത്തോട് തന്നെവിളിച്ച് പ്രാർത്ഥിക്കുന്ന അവസ്ഥയുണ്ടായി, അദ്ദേഹത്തിൽ ഭരമേൽപ്പിച്ചു, രോഗശാന്തിക്കും സൗഭാഗ്യത്തിനും ആപത്തുകൾ മാറാനും മറ്റും. എത്രത്തോളം ഹിദായത്തിനും നരകത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുവരെയും. മരണപ്പെട്ട മുഹിയിദ്ധീൻ ശൈഖിനോട് തേടിയിരിക്കുന്നു. നേർച്ച- വഴിപാടുകളും ബലിയും അദ്ദേഹത്തിനർപ്പിച്ചു. മൗലിദും ഖുത്ത്ബിയ്യത്തും റാത്തീബുമെല്ലാം ഈ ശിർക്കിന് സാക്ഷിയാണ്. ഏതാനും ചില ഉദാഹരണങ്ങൾ നോക്കാം.

## ***മങ്കൂസ് മൗലിദ് :***

ഇതിൽ നബി(സ)യോട്പാപമോചനത്തിന് പ്രാർത്ഥിച്ചിരിക്കുന്നു:

إرتكبت على الخطا غير حصر وعدد     لك أشكو فيه يا سيدي خير النبي

<u>'ഇർതകബ്തു അലൽഖ'ത്വാ ഗയ്റ ഹസ്രിൻ വ അദദ്</u>
<u>ലക അശ്കൂ ഫീഹി യാ സയ്യിദീ ഖൈറന്നബീ'</u>

'ഞാൻ എണ്ണവും കണക്കുമില്ലാതെ ധാരാളം തെററുകൾ ചെയ്തു പോയി., നബിമാരിൽ ഉത്തമനായവരേ, അങ്ങയോട് ഞാൻ ആവലാതി ബോധിപ്പിക്കുന്നു'

കഷ്ടപ്പാടുകൾ നീക്കാൻ നബിയോട്പ്രാർത്ഥിക്കുന്നു.'

ياسيد السادات جئتك قاصدا -     ارجو حماك فلا تخيب مقصد
قدحل بي ما قد علمت من الأذى -     والظلم والضعف الشديد فأسعد

<u>'യാ സയ്യിദസ്സാദാത്തി ജിഅ്തുക ഖാസ്വിദാ</u>
<u>അർജൂ ഹിമാക ഫലാ തുഖ'യ്യിബ് മഖ്സ്വദീ'</u>
<u>ഖദ്ഹല്ല ബീ മാ ഖദ് അലിംത മിനൽഅദാ</u>
<u>വള്ളു'ൽമി വ ള്ളു'അ്ഫിശ്ശദീദി ഫഅസ്അദീ''</u>

'നേതാക്കളിൽ നേതാവായവരെ, അങ്ങയെ ഉദ്ദേശിച്ചുകൊണ്ട് ഞാനിതാ അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നു. അങ്ങയുടെ സംരക്ഷണം ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ ഉദ്ദേശം അങ്ങ് പരാജയപ്പെടുത്തരുതേ,ഉപദ്രവം, അക്രമം ശക്തമായ ബലഹീനത തുടങ്ങി അങ്ങയ്ക്ക് അറിയാവുന്ന വിഷമ സന്ധികൾ എന്നെ ബാധിച്ചിരിക്കുന്നു. അതിനാൽ,അങ്ങ് എന്നെ സഹായിക്കേണമേ'

## ***ശർറഫുൽ അനാം മൗലിദ്:***

ഇതിലുംനബി(സ)യോട് പാപമോചനത്തിന്പ്രാർത്ഥിച്ചിരിക്കുന്നു:

عبدك المسكين يرجو     فضلك الجم الغفير     فيك قد أحسنت ظني     يابشير ياнذير

<u>അബ്ദുകൽ മിസ്കീനു യർജൂ-ഫള്'ലുകൽജമ്മൽ ഗഫീറു,</u>
<u>ഫീക ഖദ് അഹ്സൻതു ളന്നീ- യാ ബശീറു യാ നദീറു,</u>

'എല്ലാ പാപങ്ങളെയും പൊറുക്കുകയെന്ന അങ്ങയുടെ ഔദാര്യം അങ്ങയുടെ സാധുവായ ഈ ദാസൻ ആഗ്രഹിക്കുന്നു, അങ്ങയിൽ ഞാൻ ശുഭ പ്രതീക്ഷ വെച്ചുപുലർത്തുന്നു, ഓ സന്തോഷ വാർത്തയറിയിക്കുവരേ, മുന്നിയിപ്പ് നൽകുന്നവരേ,(നബിയേ)! .(ബശീർ, നദീർ എന്നിവ പ്രവാചകന്മാരുടെ വിശേഷണമാണ്.)

أنت غفار الخطايا والذنوب الموبقات

അൻത ഗഫ്ഫാറുൽ ഖ'ത്വായാ-വദ്ദു'നൂബിൽ മൂബിഖാതി

(നബിയേ) താങ്കൾ എല്ലാ തെറ്റുകളും വൻപാപങ്ങളും പൊറുക്കുന്നവരാണ്'.

എന്നാൽ, അല്ലാഹു പറയുന്നത് പാപങ്ങൾ പൊറുക്കുവാൻ അല്ലാഹു വല്ലാതെ മറ്റാരുമില്ല എന്നാണ്.

وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنْفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَنْ يَغْفِرُ الذُّنُوبَ إِلَّا اللَّهُ (١٣٥) سورة آل عمران "

"വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പ് തേടുകയും ചെയ്യുന്നവർക്കു വേണ്ടി (തയ്യാർ ചെയ്യപ്പെട്ട സ്വർഗ്ഗം)-പാപങ്ങൾ പൊറു ക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?"

(ഖുർആൻ: അധ്യായം 3 ആലുഇംറാൻ: വചനം:135)

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنْفُسِهِمْ لَا تَقْنَطُوا مِنْ رَحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ (٥٣) سورة الزمر

'പറയുക:സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചു പോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായുംഅവൻതന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും'(ഖുർആൻ:39സുമർ: വചനം:53)

പാപമോചനം അല്ലാഹുവിനോട് മാത്രമേ തേടാവൂ എന്ന് അല്ലാഹു പറയുന്നു. പക്ഷേ, മൗലിദിൽ അല്ലാഹു അല്ലാത്തവരോട് തേടിയിരിക്കുന്നു.പ്രാർത്ഥനയെന്ന ആരാധനയിൽ പങ്ചേർത്തു. ഇവിടെ നാം ഏത് സ്വീകരിക്കണം? മൗലിദോ? ഖുർആനോ?

***ഖുത്വുബിയത്തിൽ:***

സഹായിക്കാൻ മരണപ്പെട്ട മുഹിയിദ്ധീൻശൈഖിനോട് തേടുന്നു.

يا سيدي سندي غوثي ويا مددي كن لي ظهيرا على الأعداء بالمدد
مجير عرضي وخذ بيدي مدا مدد خليفة الله فينا محيي الدين

'യാ സയ്യിദീ സനദീ ഗൗസീ വയാ മദദീ

<u>കുൻലീ ളഹീറൻ അലൽ അഅ്ദാഇ ബിൽ മദദീ</u>
<u>മുജീറ ഇർളീ വഖുദ് ബിയദീ മദാമുദീ</u>
<u>ഖലീഫത്തല്ലാഹി ഫീനാ മുഹ്‌യിയദ്ദീനീ.'</u>

എന്റെ യജമാനരേ,എന്റെ അവലംബമേ,എന്റെ രക്ഷകനേ,എന്റെ സഹായമേ,ശത്രുക്കൾക്കെതിരെ എന്നെ അങ്ങ് സഹായിക്കേണമേ. എന്റെ അഭിമാനം മോചിപ്പിക്കുന്നവരേ, അങ്ങ് എന്റെ കൈപിടിച്ച് രക്ഷപ്പെടുത്തേണമേ. ഞങ്ങളിൽ അല്ലാഹുവിന്റെ പ്രതിനിധിയായ മുഹിയിദ്ധീനേ,

എന്നാൽ അല്ലാഹു മാത്രമാണതിനള്ളതെന്ന് അല്ലാഹുപറയുന്നു:

أمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاء الْأَرْضِ أَإِلَهٌ مَّعَ اللَّهِ قَلِيلًا مَّا تَذَكَّرُونَ (٦٢) سورة النمل

അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്ന് ഉത്തരം നൽകുകയും, വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല അവരുടെ ദൈവങ്ങളോ? അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചു മാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ. (ഖുർആൻ: അധ്യായം:27 നംല്: വചനം: 62 )

മരണപ്പെട്ട മഹാന്മാർ 'ബർസഖ്' ലോകത്ത് അല്ലാഹു നൽകിയ സുഖം ആസ്വദിച്ചുകൊണ്ട് സുഖ നിദ്രയിലാണ്. ഖബറിൽ മലക്കുകളുടെ ചോദ്യത്തിന് ശരിയായ ഉത്തരം നൽകിയാൽ:

"പുതു മണവാളൻ ഉറങ്ങുന്നതുപോലെ ഉറങ്ങു. ഉയിർത്തെഴുന്നേൽപ്പിന്റെ നാളുവരെയും.''എന്ന് മലക്കുകൾ പറയുമല്ലോ. അവരെ വിളിച്ചാൽ അവർ കേൾക്കില്ല തീർച്ച. എന്നാൽ ഏത് ഭാഷയിലും എവിടെ നിന്നും ഏത് സമയത്ത് വിളിച്ചാലും മയക്കമോ ഉറക്കമോ ഇല്ലാതെ കേട്ട് ഉത്തരം ചെയ്യാൻ അല്ലാഹു മാത്രമാണുള്ളത്.

اللَّهُ لاَ إِلَهَ إِلاَّ هُوَ الْحَيُّ الْقَيُّومُ لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ (٢٥٥) سورة البقرة

'അല്ലാഹു-അവനല്ലാതെ ദൈവമില്ല. എന്നെന്നുംജീവിച്ചിരിക്കുന്നവൻ.എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല.'

(വിശുദ്ധ ഖുർആൻ: അധ്യായം 2 അൽബഖറ: വചനം: 255)

അന്ത്യം നന്നാക്കുന്ന ഹിദായത്തി (സന്മാർഗ്ഗം)നും നരക മോചനത്തിനും മുഹിയിദ്ധീൻ ശൈഖിനോട് പ്രാർത്ഥിക്കുന്ന രംഗം ഖുത്വു ബിയ്യത്തിൽ ഇതാ:-

بصر فؤادي صراطا أنت سالكه     والله أعطاكه وأنت مالكه

ونجني من لظى فيها مهالكه　　سلطان كل ولي محيي الدين

'ബസ്സ്വിർ ഫുആദീ സ്വിറാത്വൻ അൻത സാലികുഹു
വല്ലാഹു അത്ത്വാകഹു വഅൻത മാലികുഹു.
വനജ്ജിനീ മിൻ ലളാ ഫീഹാ മഹാലികുഹു
സുൽത്വാന കുല്ലി വലിയ്യിൻ മുഹ്‌യിയദ്ദീനീ.'

'അങ്ങ് സഞ്ചരിച്ച (സൽ) പാത എന്റെ മനസ്സിന് അങ്ങ് തെളിയിച്ച് കാണിക്കേണമേ, അല്ലാഹുവാണ് അത് അങ്ങയ്ക്ക് നൽകിയത്. അങ്ങ് അതിന്റെ ഉടമയുമാകുന്നു. എല്ലാ ഔലിയാക്കളുടെയും അധികാരിയായിട്ടുള്ള മുഹിയിദ്ധീനേ, നാശ കേന്ദ്രമായ നരകത്തിൽ നിന്ന് അങ്ങ് എന്നെ മോചിപ്പിക്കേണമേ,

എന്നാൽ അല്ലാഹു (നബി(സ)യോട് പോലും) പറയുന്നത്:

إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَكِنَّ اللَّهَ يَهْدِي مَنْ يَشَاءُ / سورة القصص ٥٦

'തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല,പക്ഷേ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സന്മാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു)നല്ല വണ്ണം അറിയുന്നവനാകുന്നു' (ഖുർആൻ: 28 ഖസ്വസ്: 56)

## *പദ്യങ്ങളെപ്പോലെ ഗദ്യങ്ങളും ശിർക്കിലേക്ക്.*

***മങ്കൂസ് മൗലിദിൽ:***

واستغاث به نوح فنجى من الردى

'വസ്തഗാസ ബിഹീ നൂഹുൻ ഫ നജാ മിനർറദാ'

(നൂഹ്നബി(അ)മുഹമ്മദ്നബി(സ)യോട്സഹായാർത്ഥന നടത്തി പ്രാർത്ഥിച്ചു). അതിനാൽ ജലപ്രളയത്തിൽനിന്ന് രക്ഷപ്പെട്ടു).

നൂഹ് നബി(അ)ക്ക് ശേഷം ആയിരക്കണക്കിന് കൊല്ലങ്ങൾ കഴിഞ്ഞ് മാത്രം ജനിക്കാനിരിക്കുന്ന മുഹമ്മദ്(സ) യോടോ ഈ സഹായാർത്ഥന?അതും ഒരു പ്രവാചകൻ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിച്ചുവെന്നോ! നബി(സ)യെപുകഴ്ത്തുകയാണെന്ന വ്യാജം. പക്ഷേ, ഖുർആന്റെ പ്രസ്താവന മൗലിദിന്നെതിരാണ്. അല്ലാഹുവിന്റെ മേൽനോട്ടത്തിൽ കപ്പൽ സഞ്ചരിച്ചുവെന്നും അല്ലാഹുതന്നെയായിരുന്നു പ്രളയം അവസാനിപ്പിച്ചതെന്നുമാണ്.

***ഖുർആനിൽ:***

وَحَمَلْنَاهُ عَلَى ذَاتِ أَلْوَاحٍ وَدُسُرٍ(١٣) تَجْرِي بِأَعْيُنِنَا (١٤) سورة القمر

പലകകളും ആണികളുമുള്ള നമ്മുടെ മേൽനോട്ടത്തിൽ സഞ്ചരിക്കുന്ന ഒരു കപ്പലിൽ അദ്ദേഹത്തെ നാം വഹിക്കുകയും ചെയ്തു. (ഖുർആൻ: 54 :ഖമർ 13, 14)

وَقِيلَ يَا أَرْضُ ابْلَعِي مَاءَكِ وَيَا سَمَاءُ أَقْلِعِي وَغِيضَ الْمَاءُ وَقُضِيَ الْأَمْرُ وَاسْتَوَتْ عَلَى الْجُودِيِّ (٤٤) سورة هود

'ഭൂമീ നിന്റെവെള്ളം നീ വിഴുങ്ങൂ. ആകാശമേ! മഴ നിർത്തൂ'എന്ന് കൽപന നൽകപ്പെട്ടു. വെള്ളം വറ്റുകയും ഉത്തരവ് നിറവേറ്റപ്പെടുകയും ചെയ്തു അത്(കപ്പൽ) ജൂദിപർവ്വതത്തിനു മേൽ ഉറച്ച് നിൽക്കുകയും ചെയ്തു.' (ഖുർആൻ: 11 ഹൂദ് : വചനം 44)

നബിയോട് പ്രാർത്ഥിക്കാൻ അർഹതയുണ്ടെന്ന് വരുത്താൻ ചില നുണകൾ കൂടി മൗലിദിന്റെ വ്യക്തിത്വമായി കാണാം.

***ആദം (അ) പശ്ചാത്തപിച്ചതെങ്ങിനെയെന്ന്:-***

***മങ്കൂസ് മൗലിദ് പറയുന്നു:***

وهو الذي توسل به آدم عليه السلام

'വഹുവല്ലദീ തവസ്സല ബിഹീ ആദം അലയ്ഹിസ്സലാം.'

മുഹമ്മദ്(സ)യെക്കൊണ്ട് ആദം(അ) തവസ്സുൽചെയ്തു(ഇടതേടി പ്രാർത്ഥിച്ചു).

***ഖുർആൻ പറയുന്നു:***

فَتَلَقَّى آدَمُ مِن رَّبِّهِ كَلِمَاتٍ فَتَابَ عَلَيْهِ إِنَّهُ هُوَ التَّوَّابُ الرَّحِيمُ (٣٧) سورة البقرة

"അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു.(ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ചു) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ."

(ഖുർആൻ- അധ്യായം 2 : ബഖറ: വചനം: 37)

ആ വചനങ്ങൾ ഏതായിരുന്നുവെന്ന് അല്ലാഹു വ്യക്തമാക്കുന്നു:

قَالاَ رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ (٢٣) سورة الأعراف

"അവർ രണ്ടുപേരും പറഞ്ഞു: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട്തന്നെ അക്രമംചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്ത് തരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായുംഞങ്ങൾ നഷ്ടംപറ്റിയവരുടെ കൂട്ടത്തിലായിരിക്കും."

(ഖുർആൻ അധ്യായം 7: അഅ്റാഫ്: വചനം: 23)

മൗലിദിന്റെ ഗദ്യങ്ങളിലും പദ്യങ്ങളിലും അബദ്ധങ്ങൾ ഇനിയും നിരവധിയുണ്ട്. നബി(സ)യെ മദ്ഹ്ചെയ്യുന്നു എന്ന ഓമനപ്പേരിലാണ് അതെല്ലാം.നബിയിൽ ഉള്ളത് പറഞ്ഞ് പുകഴ്ത്താം, പക്ഷേ, മൗലിദിൽ ഏറെയും അതിർവിട്ട പുകഴ്ത്തലാണല്ലോ.

***നബി (സ)യെ അതിർവിട്ട് പുകഴ്ത്തുമ്പോൾ:***

*(1)*ഖുർആനിനെയുംഹദീസിനെയും കളവാക്കുന്നു; മേൽ കണ്ടതുപോലെ.

*(2)* അതിർ വിട്ട് പുകഴ്ത്തുന്നത് നബി(സ) നിരോധിച്ചിരിക്കുന്നു:

« لا تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ ، فَإِنَّمَا أَنَا عَبْدُهُ ، فَقُولُوا عَبْدُ اللَّهِ وَرَسُولُهُ » . رواه البخاري

ക്രിസ്ത്യാനികൾ മർയമിന്റെ മകനെ (യേശുവിനെ) അതിർകടന്ന് പുകഴ്ത്തിയത് പോലെ നിങ്ങൾ എന്നെ അതിർകടന്ന് പുകഴ്ത്തരുത്.തീർച്ചയായും ഞാൻ അവന്റെ ദാസൻമാത്രമാണ്.അതിനാൽ നിങ്ങൾ(എന്നെ) അല്ലാഹുവിന്റെ ദാസൻ എന്നും അവന്റെ പ്രവാചകൻ എന്നും പറയുക.'' (ബുഖാരി)

*(3)*നബിയെപ്പറ്റി കളവ് പറയുന്നു. നബി(സ) പറഞ്ഞു:

عَنْ عَبْدِ اللَّهِ بْنِ عَمْرٍو أَنَّ النَّبِيَّ - صلى الله عليه وسلم - قَالَ « وَمَنْ كَذَبَ عَلَيَّ مُتَعَمِّدًا فَلْيَتَبَوَّأْ مَقْعَدَهُ مِنَ النَّارِ » . رواه البخاري

''ആരെങ്കിലും എന്റെ മേൽ മനപ്പൂർവ്വംകളവ് പറഞ്ഞാൽ അവന്റ ഇരിപ്പിടം നരകത്തിൽ അവൻ പ്രതീക്ഷിച്ചുകൊള്ളട്ടെ''(ബുഖാരി).

മൗലിദുകളിൽ മദ്ഹുണ്ട്,ഒപ്പം ശിർക്കുമുണ്ട്, നുണയുമുണ്ട്. തേനായാലുംവിഷം കലർന്നുവെന്നറിഞ്ഞാൽ ഉപേക്ഷിക്കുകയാണല്ലോ ബുദ്ധി.

## التوسل : المشروع منه وغير المشروع

## *ഇടതേട്ടം: അനുവദനീയവും അല്ലാത്തതും*

തവസ്സുൽ എന്നാൽ, അല്ലാഹുവിലേക്ക് അടുക്കുക എന്നാണ്. അതിനുള്ള മാർഗ്ഗം സത്യവിശ്വാസവും സൽക്കർമ്മവുമാണ്. സൽക്കർമ്മങ്ങളിൽ പ്രധാനപ്പെട്ടതാണ് പ്രാർത്ഥന. പ്രാർത്ഥനയിലെ ഒരു രീതിയാണ് ഇടതേട്ടം. അതിന് തന്നെ തവസ്സുൽ എന്ന് പറഞ്ഞുവന്നു.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ (٣٥) سورة المائدة

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് അടുക്കുവാനുള്ള മാർഗ്ഗം തേടുകയും ചെയ്യുക.'

(ഖുർആൻ: അധ്യായം: 5 മാഇദ വചനം:35)

ഇടനിർത്തി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ അനുവാദമുള്ളത് ഖുർആനിലും ഹദീസിലും തെളിവുള്ളത് മാത്രമാണ്. അത്:

### *(1)അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളെക്കൊണ്ടുള്ള ഇടതേട്ടം.*

അല്ലാഹുവിന്റെവിശേഷണങ്ങൾ പറഞ്ഞുകൊണ്ട്പ്രാർത്ഥിക്കുക.

" وَلِلَّهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا " (١٨٠) سورة الأعراف

'അല്ലാഹുവിന് ഏററവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക''

(ഖുർആൻ: അധ്യായം 7 അഅ്റാഫ് വചനം 180 )

അതെ, 'അസ്മാഉൽ ഹുസ്നാ'കൊണ്ട് ഇടതേടുക. ഉദാഹരണത്തിന് നബി(സ)യുടെ പ്രാർത്ഥനകളിൽ ഒന്ന് :

اللَّهُمَّ إِنِّي أَسْأَلُكَ يَا اللهُ الأَحَدُ الصَّمَدُ الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ
أَنْ تَغْفِرَ لِي ذُنُوبِي إِنَّكَ أَنْتَ الغَفُورُ الرَّحِيمُ / رواه أبوداود.

അല്ലാഹുവേ നിന്നോട് ഞാൻ ചോദിക്കുന്നു. നീ ഏകനും നിരാശ്രയനുമാണ്. നീ പിതാവോ സന്താനമോ അല്ലാത്തവനുനുമാണ്. ഒന്നിനോടും സാദൃശ്യമില്ലാത്തവനുമാണ്. എന്റെ പാപങ്ങൾ പൊറുത്തുതരാൻ ഞാൻ നിന്നോട് അപേക്ഷിക്കുന്നു. നീ ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാണ്.

(ഖുർആനിലും ഹദീസിലുമായി നിരവധി നാമങ്ങൾ വന്നിട്ടുണ്ട്.)

***(2) ഈമാനും തൗഹീദും കൊണ്ടുള്ള ഇടതേട്ടം.***

رَبَّنَا إِنَّنَا سَمِعْنَا مُنَادِيًا يُنَادِي لِلإِيمَانِ أَنْ آمِنُوا بِرَبِّكُمْ فَآمَنَّا رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا
سَيِّئَاتِنَا وَتَوَفَّنَا مَعَ الأَبْرَارِ} (١٩٣) سورة آل عمران.

ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവീൻ, എന്ന് പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്ത് തരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽനിന്നു നീ മായിച്ചുകളയുകയുംചെയ്യേണമേ, പുണ്യവാന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ, (ഖുർആൻ: 3 ആലുഇംറാൻ: 193)

യൂനുസ് നബി (അ) മത്സ്യത്തിന്റെ വയറ്റിൽ വെച്ച് തൗഹീദ് കൊണ്ട് ഇട തേടി പ്രാർത്ഥിച്ചു:

لاإِلَهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِينَ(٨٧) سورة الأنبياء

നീയല്ലാതെ യാതൊരു ദൈവവുമില്ല. നീയെത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.' (ഖുർആൻ അധ്യായം 21 അൻബിയാഅ്: വചനം: 87)

***(3) നാം ചെയ്ത സൽക്കർമ്മങ്ങൾ പറഞ്ഞുകൊണ്ടുള്ള ഇടതേട്ടം:***

ഉദാഹരണം:ഗുഹയിൽ അകപ്പെട്ട മൂന്നാളുടെസംഭവം.നബി(സ) പറഞ്ഞതായി ബുഖാരിയുംമുസ്ലിമും ഉദ്ധരിക്കുന്ന ഹദീസ്: അവർ ചെയ്ത സൽക്കർമ്മങ്ങൾ പറഞ്ഞുകൊണ്ട് ഇടതേടി പ്രാർത്ഥിച്ചപ്പോൾ:

اللَّهُمَّ فَإِنْ كُنْتُ فَعَلْتُ ذَلِكَ ابْتِغَاءَ وَجْهِكَ فَافْرُجْ عَنَّا مَا نَحْنُ فِيهِ

("അല്ലാഹുവേ, ഞാൻ ഇതു ചെയ്തത് നിന്റെ തൃപ്തി മാത്രം

ഉദ്ദേശിച്ചായിരുന്നെങ്കിൽ ഞങ്ങൾ അകപ്പെട്ട (ഈ വിഷമത്തിൽ നിന്ന്) ഞങ്ങളെ രക്ഷപ്പെടുത്തേണമേ"!(ബുഖാരി, മുസ്‌ലിം).

ഗുഹാ മുഖത്ത് അടഞ്ഞുപോയ വലിയ പാറക്കല്ല് മാറി. അവർക്ക് പുറത്തിറങ്ങാൻ കഴിഞ്ഞു.

***(4) ജീവിച്ചിരിക്കുന്ന സജ്ജനങ്ങളോട് ദുആ ചെയ്യാനാവശ്യപ്പെട്ടിട്ട് അത് കൊണ്ടുള്ള ഇടതേട്ടം:***

നബി(സ)യുടെ മരണശേഷം ജലക്ഷാമം നേരിട്ടപ്പോൾ മഴക്ക് വേണ്ടി പ്രാർത്ഥിക്കാൻ അന്ന് ജീവിച്ചിരുന്ന അബ്ബാസ്(റ)വിനെ ഇമാമാക്കിക്കൊണ്ട് ഉമർ(റ)നടത്തിയ ഇടതേട്ടം.(ബുഖാരിറിപ്പോർട്ട് ചെയ്യുന്ന സംഭവം.)

اللَّهُمَّ إِنَّا كُنَّا نَتَوَسَّلُ إِلَيْكَ بِنَبِيِّنَا فَتَسْقِينَا وَإِنَّا نَتَوَسَّلُ إِلَيْكَ بِعَمِّ نَبِيِّنَا فَاسْقِنَا . قَالَ فَيُسْقَوْنَ

- رواه البخاري

'അല്ലാഹുവേ (നബി ജീവിച്ചിരുന്നപ്പോൾ) ഞങ്ങൾ ഞങ്ങളുടെ നബിയെക്കൊണ്ട് (പ്രാർത്ഥിപ്പിച്ചുകൊണ്ട്) നിന്നോട് ഞങ്ങൾ തവസ്സുൽ ചെയ്തിരുന്നു. നീ ഞങ്ങൾക്ക് മഴ നൽകി. ഇപ്പോൾ ഞങ്ങളിതാ ഞങ്ങളുടെ നബിയുടെ പിതൃവ്യനെക്കൊണ്ട് (പ്രാർത്ഥിപ്പിച്ചുകൊണ്ട്)ഞങ്ങൾ ഇതാ നിന്നോട് തവസ്സുൽ ചെയ്യുന്നു. നീ ഞങ്ങൾക്ക് മഴ നൽകേണമേ! അനസ്(റ)പറഞ്ഞു: അവർക്ക് മഴനൽകപ്പെട്ടു.(ബുഖാരി)

-മരണപ്പെട്ടവരെക്കൊണ്ട് തവസ്സുൽ അനുവദനീയമായിരുന്നെങ്കിൽ ഏറ്റവും ശ്രേഷ്ഠനായ നബി(സ)യെക്കൊണ്ട് ഇവിടെ ഉമർ(റ) തവസ്സുൽ ചെയ്യുമായിരുന്നു.

ഇതാണ് ഖുർആനുംഹദീസും അനുവദിക്കുന്നതും സഹാബാക്കളുടെ മാതൃകയുമുള്ള ഇടതേട്ടത്തിന്റെ രീതികൾ. എന്നാൽ ഈ പരിധി ലംഘിച്ച ചിലഇടതേട്ടങ്ങൾ സമൂഹത്തിൽ കടന്നുകൂടിയിട്ടുണ്ട്. അല്ലാഹുവിനോട്തന്നെ പ്രാർത്ഥിക്കുന്ന ചിലർ മരണപ്പെട്ട മഹാന്മാരുമായി എങ്ങിനെയെങ്കിലും ഒന്ന് കൊളുത്തി വെക്കണമെന്ന ആഗ്രഹം സാധിക്കാൻ തെരെഞ്ഞെടുത്തമാർഗ്ഗം. അതിന് ഖുർആന്റെയോ സ്വഹീഹായ ഹദീസിന്റെയോ പിൻബലമില്ല.

**التوسل الغير المشروع:**

***അനുവദനീയമല്ലാത്ത തവസ്സുൽ:***

മരണപ്പെട്ട മഹാന്മാരുടെയും മറ്റും ഹഖുംജാഹും ബർക്കത്തും കൊണ്ടുള്ള ഇടതേട്ടം. ഹഖ് -ജാഹ്- ബർക്കത്തുകൾ അല്ലാഹുവിന് മാത്രമുള്ളതാണ്. എന്നിരിക്കെ, അല്ലാഹു അല്ലാത്തവർക്ക്

പ്രത്യേകിച്ച് മരണപ്പെട്ട മഹാന്മാർക്ക് അത് ഉണ്ടെന്ന് വിശ്വസി ച്ചുകൊണ്ട് അവരുടെ(ഇല്ലാത്ത) ഹഖ്,ജാഹ്, ബർക്കത്ത്കൊണ്ട് അല്ലാഹുവിനോട് ഇടതേടി പ്രാർത്ഥിക്കുന്ന രീതിയും മുഅ് ജിസത്ത്-കറാമത്ത് കൊണ്ട് ഇടതേടി പ്രാർത്ഥിക്കുന്ന രീതിയും അനുവദനീയമല്ലാത്ത തവസ്സുലാണ്. അത് ശിർക്കാവുന്നില്ലഎങ്കി ലും പ്രവാചകൻ (സ) അനുവദിച്ചിട്ടില്ലാത്ത - ബിദ്അത്തായ രീതിയാണ്. ഹറാമാണ്. അല്ലാഹുഅല്ലാത്തവരോടുള്ള പ്രാർത്ഥ നയിലേക്ക് ക്രമേണഅത്നമ്മെ തള്ളിയിടും.ശിർക്കിലെത്തിക്കും. നബി(സ)യുടെ നൂറു കണക്കിനുള്ള പ്രാർത്ഥനയിൽ ഒന്നിൽ പോലും, സഹാബാക്കളുടെ പ്രാർത്ഥനകളിൽ ഒന്നിൽ പോലും അല്ലാഹു അല്ലാത്തവരുടെ ഹഖ്- ജാഹ് ബർക്കത്ത് കൊണ്ട് ഇട തേടി പ്രാർത്ഥിക്കുന്ന രീതി കുറ്റമറ്റ ഹദീസുകളിൽ കാണാനാ വില്ല. കെട്ടിച്ചമച്ച ഹദീസ് മാത്രമാണ് അത് അനുവദിക്കുന്നവർ ക്കുള്ള തെളിവ്.

## *നേർച്ച ആരാധനയാണ്:* النذر عبادة

അതിനാൽ നേർച്ചയും അല്ലാഹുവിന് മാത്രംഅർപ്പിക്കുക. അല്ലാ ഹുവിന് മാത്രമായി നേർന്ന ഒരു നേർച്ചയെ അല്ലാഹു പ്രശംസി ക്കുന്നത് കാണുക:

إِذْ قَالَتِ امْرَأَةُ عِمْرَانَ رَبِّ إِنِّي نَذَرْتُ لَكَ مَا فِي بَطْنِي مُحَرَّرًا فَتَقَبَّلْ مِنِّي إِنَّكَ أَنتَ السَّمِيعُ الْعَلِيمُ (٣٥) سورة آل عمران

'ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം, (ശ്രദ്ധിക്കുക.) എന്റെ രക്ഷി താവേ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിനക്കായി ഉഴിഞ്ഞു വെക്കാൻ ഞാൻ നേർച്ച നേർന്നിരിക്കുന്നു. ആകയാൽ നീ എന്നി ൽ നിന്ന് അത് സ്വീകരിക്കേണമേ, തീർച്ചയായും നീ (എല്ലാം) കേൾക്കുന്നവനും അറിയു ന്നവനുമത്രെ.' (ഖുർആൻ: 3 : 35)

എന്നാൽ മറ്റൊരു നേർച്ചയെ അല്ലാഹു വിമർശിക്കുന്നു: അതെ, മക്കാമുശ്‌രിക്കുകൾ അല്ലാഹു അല്ലാത്തവർക്കും നേർന്നതിനെ. ആരാധനയിലെ പങ്കാളിത്തമായാണ് അതിനെ വിവരിക്കുന്നത്:

وَجَعَلُوا لِلَّهِ مِمَّا ذَرَأَ مِنَ الْحَرْثِ وَالأَنْعَامِ نَصِيبًا فَقَالُوا هَذَا لِلَّهِ بِزَعْمِهِمْ وَهَذَا لِشُرَكَآئِنَا فَمَا كَانَ لِشُرَكَآئِهِمْ فَلاَ يَصِلُ إِلَى اللهِ وَمَا كَانَ لِلَّهِ فَهُوَ يَصِلُ إِلَى شُرَكَآئِهِمْ سَاء مَا يَحْكُمُونَ (١٣٦) سورة الأنعام

'അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയ കൃഷിയിൽനിന്നും കന്നു കാലി കളിൽനിന്നും അവർ അവന് ഒരു ഓഹരി നിശ്ചയിച്ചു കൊടു ത്തിരിക്കുകയാണ്. എന്നിട്ട് അവരുടെ ജല്പനമനുസരിച്ച് ഇത് അല്ലാഹുവിനുള്ളതും മറ്റേത് തങ്ങൾ പങ്കാളികളാക്കിയ ദൈവ

ങ്ങൾക്കുള്ളതുമാണെന്ന് അവർ പറഞ്ഞു. എന്നാൽ അവരുടെ പങ്കാളികൾക്കുള്ളത് അല്ലാഹുവിനെത്തുകയില്ല. അല്ലാഹുവിനുള്ളതാകട്ടെ അവരുടെ പങ്കാളികൾക്കെത്തുകയും ചെയ്യും. അവർ തീർപ്പ് കൽപ്പിച്ചത് എത്ര മോശം.' (ഖുർആൻ: 6 : വചനം136 )

### ബലി സമർപ്പിക്കൽ ആരാധനയാണ്: الذبح عبادة

അതിനാൽ ബലിയും അല്ലാഹുവിന് മാത്രം അർപ്പിക്കുക.

فَصَلِّ لِرَبِّكَ وَانْحَرْ (٢) سورة الكوثر

'ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. (ഖുർആൻ:108 കൗസർ : 2 )

നബി(സ)പറഞ്ഞു:

" لَعَنَ اللهُ مَنْ ذَبَحَ لِغَيْرِ اللهِ " / أخرجه مسلم

അല്ലാഹു അല്ലാത്തവർക്ക് ബലിയറുത്ത് സമർപ്പിച്ചവനെ അല്ലാഹു ശപിച്ചിരിക്കുന്നു' (മുസ്ലിം.)

അല്ലാഹു അല്ലാത്തവർക്ക് ബലിസമർക്കുന്നത് ശിർക്കെന്ന് മാത്രമല്ല, ആ മാംസം ഭക്ഷിക്കുന്നതും അല്ലാഹു നിഷിദ്ധമാക്കി:

إِنَّمَا حَرَّمَ عَلَيْكُمُ الْمَيْتَةَ وَالدَّمَ وَلَحْمَ الْخِنْزِيرِ وَمَا أُهِلَّ بِهِ لِغَيْرِ اللهِ (١٧٣) سورة البقرة

'ശവം, രക്തം, പന്നിമാംസം, അല്ലാഹുഅല്ലാത്തവർക്കായിപ്രഖ്യാപിക്കപ്പെട്ടത് എന്നിവ മാത്രമേ അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളൂ.' (ഖുർആൻ അധ്യായം 2 ബഖറ: വചനം173 )

ഇതിനു പുറമെ, അധ്യായം: 5 മാഇദ: 4, അധ്യായം: 6 അൻആം 145, അധ്യായം: 16 നഹ്ൽ 115 എന്നിവിടങ്ങളിലും ഇത് ആവർത്തിച്ച് നിരോധിച്ചിരിക്കുന്നു.

അപ്പോൾ റാത്തീബിനും ഖുത്ബിയത്തിനും മൗലിദിനും ഉറൂസിനുംമറ്റും അറുക്കപ്പെട്ടതിന്റെ മാംസത്തെപ്പറ്റി - അതിനൊരുക്കിയ ഭക്ഷണത്തെപ്പറ്റിത്തന്നെ ചിന്തിക്കണം നബിയുടെയോ മുഹിയിദ്ധീൻശൈഖിന്റെയോ ജാറത്തിന്റെയോ മറ്റോപേരിൽ അറുക്കപ്പെടുന്നതാണല്ലോ-ഒരുക്കപ്പെട്ടതാണല്ലോ, അത് അല്ലാഹു നിരോധിച്ച ഹറാമായ ഭക്ഷണമാണ്.

من أنواع العبادة (بالقلب) :أشد الحب

### *മനസ്സുകൊണ്ടുള്ള ആരാധനകളുടെ ഇനങ്ങൾ:*

### *(1) അതിർ കടന്ന സ്നേഹം:*

വിശ്വാസിയുടെമനസ്സിലെ സ്നേഹം മൂന്ന് തട്ടുകളിലാണ്.

***(1)അതിർവിട്ടതും ഏറ്റവും ഉയർന്നതുമായ സ്നേഹം.***

അത് ആരാധനയാണ്.അത് ലഭിക്കാൻ അർഹൻ ഒരാൾ മാത്രമേ

യുള്ളൂ. അതെ, സൃഷ്ടാവും സംരക്ഷകനുമായവൻ മാത്രം. അതെ, നമ്മെ സൃഷ്ഠിച്ച് ഭക്ഷണവും ശുദ്ധവായുവും ശുദ്ധജലവും ഒരുക്കിത്തന്ന, ആരോഗ്യവും നല്ല രൂപവും നൽകിയ കാരുണ്യവാൻ അല്ലാഹു മാത്രം. അതിർ കടന്ന സ്നേഹത്തിനർഹനും അവൻ മാത്രമാണ്. അല്ലാഹു അല്ലാത്തവരെ അതിർ കടന്ന് സ്നേഹിക്കുന്നത് ശിർക്കാണ്-നന്ദികേടുമാണ്.

وَمِنَ النَّاسِ مَن يَتَّخِذُ مِن دُونِ اللهِ أَندَادًا يُحِبُّونَهُمْ كَحُبِّ اللهِ وَالَّذِينَ آمَنُوا أَشَدُّ حُبًّا لِّلَّهِ
( ١٦٥ ) البقرة

'അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ള വരത്രെ.

(ഖുർആൻ: അധ്യായം 2 ബഖറ : വചനം 165)

മറ്റുള്ള ആരാധനകൾക്ക് ഇത് പ്രോത്സാഹിപ്പിക്കുന്നു. അവന്റെ കല്പന ശിരസ്സാ വഹിക്കാനും ത്യാഗം വരിക്കാനും.

*(2)വഴിപ്പെടലാകുന്ന സ്നേഹം:*

പരിധിക്കുള്ളിലുള്ളതുംഎന്നാൽ പരിധിയിലെ ഏറ്റവും ഉയർന്നതുമായ സ്നേഹം. അത് പ്രവാചകർക്ക് നൽകേണ്ടതാണ്. നാം നബി (സ) ക്ക് ഈ സ്നേഹമാണ് കൊടുക്കേണ്ടത്.

عَنْ أَنَسٍ قَالَ قَالَ النَّبِيُّ- صلى الله عليه وسلم- « لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ وَالنَّاسِ أَجْمَعِينَ»رواه البخاري

അനസ് (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: 'നിങ്ങളിലാരും സത്യവിശ്വാസിയാവുകയില്ല, സ്വന്തം മാതാപിതാക്കളെക്കാളും, സന്താനങ്ങളെക്കാളും, മററ്മുഴുവൻ ജനങ്ങളെക്കാളും ഞാൻ അവർക്ക് ഏററവും ഇഷ്ടപ്പെട്ടവനായിത്തീരുന്നതുവരെ'(ബുഖാരി)ഈ സ്നേഹം പ്രവാചകരെ വഴിപ്പെട്ടുകൊണ്ടാണ്. പ്രവാചകരെ(സ)അനുസരിക്കാതെയുംഅവിടുത്തെ ചര്യകൾ പിന്തുടരാതെയും പ്രസ്തുത സ്നേഹം അസാധ്യമാണ്.

قُلْ إِن كُنتُمْ تُحِبُّونَ اللهَ فَاتَّبِعُونِي يُحْبِبْكُمُ اللهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللهُ غَفُورٌ رَّحِيمٌ (٣١)
سورة آل عمران

''(നബിയേ)പറയുക:നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയുംനിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ''. (ഖുർആൻ: 3 ആലു ഇംറാൻ : വചനം 31)

അല്ലാഹുവിനുള്ള സ്നേഹമല്ല പ്രവാചകന് നൽകേണ്ടത്. അത് പ്രവാചകനോ മറ്റാർക്കെങ്കിലുമോ നൽകിയാൽ അത് അല്ലാഹു വിൽ പങ്ക്ചേർക്കലായി. നബി(സ)ക്കുള്ളത് മറ്റാർക്കും നൽകാനും പാടില്ല. നബിയോട് മറ്റുള്ളവർക്കുള്ള സ്നേഹം പോരാ.

അല്ലാഹുവിനും റസൂലിനും നൽകിയ സ്നേഹവും പരിഗണയുംമതകാര്യങ്ങളിലേക്ക് ആവാഹിക്കേണ്ടതുണ്ട്. എന്ത് ത്യാഗം സഹിച്ചും മത നിർദ്ദേശങ്ങൾ ജീവിതത്തിൽ പാലിക്കണം. അതിലെ പ്രധാന രംഗമായ തൗഹീദും പ്രവാചകചര്യയും കാത്തു സൂക്ഷിക്കാൻ ത്യാഗം വരിക്കലും വിശ്വാസിയുടെ ബാധ്യതയാണ്. അല്ലാഹു-റസൂൽ-ദീൻ ഈ മൂന്ന് കാര്യങ്ങൾക്ക് മറ്റേത് ഭൗതികകാര്യത്തേക്കാളും മുൻഗണന നൽകണം.

قُلْ إِن كَانَ آبَاؤُكُمْ وَأَبْنَاؤُكُمْ وَإِخْوَانُكُمْ وَأَزْوَاجُكُمْ وَعَشِيرَتُكُمْ وَأَمْوَالٌ اقْتَرَفْتُمُوهَا وَتِجَارَةٌ تَخْشَوْنَ كَسَادَهَا وَمَسَاكِنُ تَرْضَوْنَهَا أَحَبَّ إِلَيْكُم مِّنَ اللَّهِ وَرَسُولِهِ وَجِهَادٍ فِي سَبِيلِهِ فَتَرَبَّصُوا حَتَّى يَأْتِيَ اللَّهُ بِأَمْرِهِ وَاللَّهُ لَا يَهْدِي الْقَوْمَ الْفَاسِقِينَ (٢٤) سورة التوبة

"(നബിയേ) പറയുക: നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗ്ഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല."

(ഖുർആൻ: അധ്യായം: 9 തൗബ: വചനം: 24 )

***(3) ബാധ്യതകളാകുന്ന സ്നേഹം:***

മാതാപിക്കൾ, സന്താനങ്ങൾ തുടങ്ങി മറ്റു മനുഷ്യർക്കെല്ലാം നൽകേണ്ട സ്നേഹം. അത് അല്ലാഹുവിനും റസൂലിനും ദീനിനും നൽകിയതിന്റെ താഴെയുള്ള സ്നേഹം മാത്രമായിരിക്കണം.

## *(2) ഭരമേൽപ്പിക്കൽ:* التوكل عبادة

അല്ലാഹു അല്ലാത്തവരിൽഭരമേൽപ്പിക്കുന്നത് ശിർക്കാണ്. അതിനെ ഖുർആൻ ശക്തമായി വിമർശിക്കുന്നു.

قُلْ أَفَرَأَيْتُم مَّا تَدْعُونَ مِن دُونِ اللَّهِ إِنْ أَرَادَنِيَ اللَّهُ بِضُرٍّ هَلْ هُنَّ كَاشِفَاتُ ضُرِّهِ أَوْ أَرَادَنِي بِرَحْمَةٍ هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ قُلْ حَسْبِيَ اللَّهُ عَلَيْهِ يَتَوَكَّلُ الْمُتَوَكِّلُونَ (٣٨)سورة الزمر

"നീ പറയുക: എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?

എനിക്ക് വല്ല ഉപദ്രവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉവദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചുവെക്കാനാവുമോ? പറയുക, എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേല്പിക്കുന്നവർ ഭരമേല്പിക്കുന്നത്.'

(ഖുർആൻ: അധ്യായം: 39 സുമർ: വചനം:38 )

രോഗം മാറ്റാനും അല്ലാഹുവിൽതന്നെ ഭരമേൽപ്പിക്കണം.ഇബ്റാഹീം നബി(അ) പറഞ്ഞത് അല്ലാഹു ഉദ്ധരിക്കുന്നു:

" وَإِذَا مَرِضْتُ فَهُوَ يَشْفِينِ " (٨٠) سورة الشعراء

'എനിക്ക് രോഗംബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്.' (ഖുർആൻ: അധ്യായം 26 ശുഅറാഅ് : വചനം 80)

അല്ലാഹുവിന് മാത്രം അവകാശമായ ഭരമേൽപ്പിക്കൽ എന്ന ഇബാദത്ത് അല്ലാഹു അല്ലാത്തവർക്ക് സമർപ്പിക്കുന്ന പാത നമ്മെ ഛിന്നഭിന്നമാക്കും. സമൂഹം ഏറ്റവുമധികം ശിർക്കിലെത്തിയതും ഭരമേൽപ്പിക്കുന്ന വ്യതിയാന വഴിയിലൂടെയായിരുന്നു. അതെ, വിവിധങ്ങളായ ശിർക്കിലേക്കുള്ള എളുപ്പവഴിയാണത്. ജീവിതത്തിലെ സുഖ-ദുഖങ്ങൾ അല്ലാഹുവിന്റെ വിധിയാണെന്ന് ഈമാൻ കാര്യങ്ങളിൽ ആറാമത്തേത് നമ്മെ ബോധ്യപ്പെടുത്തുന്നു. അതിൽ മാറ്റം വരുത്താൻ ആർക്കും സാധ്യവുമല്ല. ജീവിതാവസ്ഥയിലെ മാറ്റങ്ങൾക്ക് അല്ലാഹുവിൽതന്നെ ഭരമേൽപ്പിക്കണം. എന്നാൽ, ദുരിതങ്ങളും രോഗങ്ങളും ഭയപ്പാടുകളും അകറ്റാൻ, സന്താന- സാമ്പത്തിക ദൗർഭാഗ്യങ്ങളും മറ്റും പരിഹരിക്കാൻ പലരും മരണപ്പെട്ട മഹാന്മാരിലും ജിന്നുകളിലും മലക്കുകളിലും ജാറങ്ങളിലും ഭരമേൽപ്പിക്കുന്നു. അത് ശിർക്കാണ്. അവരോടുള്ള പ്രാർത്ഥനയിലേക്കും നേർച്ചയിലേക്കും ബലിയിലേക്കും മറ്റും അത് വലിച്ചിഴക്കും'തവക്കുലിലെ' വ്യതിയാനം പല മുസ് ലിംകളെയും അമ്പലങ്ങളിൽപോലും ഭരമേൽപ്പിക്കുന്ന അവസ്ഥയിലെത്തിച്ചിട്ടുണ്ട്.

وَمَنْ يُشْرِكْ بِاللَّهِ فَكَأَنَّمَا خَرَّ مِنَ السَّمَاءِ فَتَخْطَفُهُ الطَّيْرُ أَوْ تَهْوِي بِهِ الرِّيحُ فِي مَكَانٍ سَحِيقٍ (٣١) سورة الحج

'അല്ലാഹുവോട് വല്ലവനും പങ്ക്ചേർക്കുന്ന പക്ഷം, അവൻ ആകാശത്തുനിന്ന് വീണവനെപ്പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ട് പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു.'

(ഖുർആൻ :അധ്യായം22 ഹജ്ജ് : വചനം 31 )

വഴിതെറ്റിയ മന്ത്രവാദങ്ങൾ, സിഹ്ർ, ജോത്സ്യം, കണക്കിട്ട് നോട്ടം, മഷിനോട്ടം, പിഞ്ഞാണിയെഴുത്ത്, നൂൽ ഊതിക്കെട്ടൽ, ശകുനം നോട്ടം, തുടങ്ങിയ അനാചാരങ്ങളിലേക്ക് പലരും എടുത്തെറിയപ്പെടാൻ കാരണമായിത്തീർന്നതും അല്ലാഹു അല്ലാത്തവരിൽ ഭരമേൽപ്പിച്ചതിന്റെ പ്രത്യാഘാതമാണെന്ന് ഈ ഖുർആൻ വചനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

### الرغبة والرهبة والرجاء والخوف والخشوع والإنابة والخضوع

### *പ്രതീക്ഷ, ഭയം, ഭക്തി, കീഴൊതുങ്ങൽ എന്നിവയും മനസ്സുകൊണ്ടുള്ള ആരാധനയിൽപ്പെടുന്നു.*

ഇത്തരം വികാരങ്ങളിൽനിന്ന് അദൃശ്യ നിലക്കുള്ളതും ആഴത്തിലുള്ളതും കീഴൊതുക്കത്തോടു കൂടിയുള്ളതും ആരാധനയാണ്. അതെ, മനസ്സുകൊണ്ടുള്ള ആരാധന. അത് അല്ലാഹുവിനോട് മാത്രമാക്കണം. എന്നാൽ ഈ പ്രത്യേകതകളില്ലാത്ത വികാരങ്ങൾ ആരാധനയാകാത്തതിനാൽ അത് സൃഷ്ടികളോട് സ്വാഭാവികമായി ഉണ്ടാകാവുന്നതാണ്.

ഉദാഹരണം:ഒരാൾ വാഗ്ദാനം ചെയ്തത് പ്രതീക്ഷിക്കൽ കൊല്ലാൻ വരുന്നവനെ ഭയക്കുന്നത്, സിംഹത്തെ കാണുമ്പോഴുണ്ടാവുന്ന ഭയം. ഇതൊന്നും മേൽ പറഞ്ഞ നിബന്ധനയിലെത്താത്തതുകൊണ്ട് ആരാധനയാവില്ല.ആരാധനയായിട്ടുള്ളത് അല്ലാഹുവിന് മാത്രമായി അർപ്പിക്കണം. ഏതെങ്കിലും സൃഷ്ടികൾക്ക് അർപ്പിക്കുന്നത് അല്ലാഹുവിൽ പങ്ക്ചേർക്കലാണ്. മലക്കുകളിലേക്കും ജിന്നുകളിലേക്കും പിശാചുക്കളിലേക്കും മരിച്ചവരിലേക്കും ജീവിച്ചിരിക്കുന്ന ആൾ ദൈവങ്ങളിലേക്കും പുണ്യവാളന്മാരെന്ന് കരുതപ്പെടുന്നവരിലേക്കും മറ്റും ഇതിനെ തിരിച്ചു വിടുന്നത് ആരാധനയിലെ ശിർക്കാവും. മൺമറഞ്ഞ പുണ്യവാളന്മാരുടെ -അല്ലെങ്കിൽ(അങ്ങിനെ കരുതി)ഏതെങ്കിലും ജാറങ്ങളിലുള്ളവരുടെയോ -അമ്പലങ്ങളുടെ, പ്രതിഷ്ഠയുടെ, ഭൂതങ്ങളുടെ പൂജിക്കപ്പെട്ടു കൊണ്ടിരിക്കുന്ന മരം, കല്ല് പോലയുള്ള വസ്തുക്കളുടെ ശാപകോപങ്ങളുണ്ടവുമെന്ന ഭയം,അല്ലെങ്കിൽ അവരിൽനിന്ന് തിരുനോട്ടവും അനുഗ്രഹവുംമറ്റും പ്രതീക്ഷിക്കുന്നത് അവരോടുണ്ടാവുന്നഭക്തിയും കീഴൊതുക്കവും ഇതെല്ലാം അവർക്കുള്ള ആരാധനയാണ്. അല്ലാഹുവിനോട് പങ്ക് ചേർക്കലാണ്. എന്നാൽ, പ്രാർത്ഥന, നേർച്ച, ബലി പോലെയുള്ളത് ആരാധനയാവാൻ പ്രസ്തുത നിബന്ധന ആവശ്യമില്ല; അവ നാവും മറ്റ് അവയവങ്ങളും കൊണ്ടുള്ള ആരാധനയായതിനാൽ.

***ആരാധനയാകുന്ന ഭയത്തെപ്പറ്റി അല്ലാഹു പറഞ്ഞു:***

إِنَّمَا ذَلِكُمُ الشَّيْطَانُ يُخَوِّفُ أَوْلِيَاءَهُ فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ (١٧٥) سورة آل عمران

''അത്(നിങ്ങളെ പേടിപ്പിക്കാൻ ശ്രമിച്ചത്)പിശാചു മാത്രമാകുന്നു. അവൻ തന്റെ മിത്രങ്ങളെപ്പറ്റി(നിങ്ങളെ)പേടിപ്പെടുത്തുകയാണ്. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക.'

(ഖുർആൻ : അധ്യായം 3 ആലുഇംറാൻ : വചനം: 175 )

***ആരാധനയാകുന്ന പ്രതീക്ഷയെപ്പറ്റി അല്ലാഹു പറഞ്ഞു:***

وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ (٩٠) سورة الأنبياء

''(ആ പ്രവാചകർ)ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു.അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.''(ഖുർആൻ: 21: അൻബിയാഅ്: 90)

عَسَى رَبُّنَا أَن يُبْدِلَنَا خَيْرًا مِّنْهَا إِنَّا إِلَى رَبِّنَا رَاغِبُونَ (32) سورة القلم

''നമ്മുടെ രക്ഷിതാവ് അതിനേക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്രഹിച്ച് ചെല്ലുന്നവരാകുന്നു.''(ഖുർആൻ 68: ഖലം: 32)

***ആരാധനയാകുന്ന കീഴൊതുക്കത്തെപ്പറ്റി അല്ലാഹു പറഞ്ഞു:***

وَأَنِيبُوا إِلَى رَبِّكُمْ وَأَسْلِمُوا لَهُ مِن قَبْلِ أَن يَأْتِيَكُمُ الْعَذَابُ ثُمَّ لَا تُنصَرُونَ (٥٤) سورة الزمر

''നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനുമുമ്പായി നിങ്ങൾ നിങ്ങളുടെരക്ഷിതാങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവന് കീഴ്പ്പെടുകയുംചെയ്യുവീൻ.പിന്നെ (അത് വന്നതിനുശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല''(ഖുർആൻ: അധ്യായം 39: സുമർ: 54)

## ***ഖബറാരാധന*** من أنواع الشرك في الألوهية عبادة القبور

ഖബർ സന്ദർശനം: ഇസ്ലാം അനുവദിച്ചത്:

***(1)***മരണത്തെയും പരലോകത്തെയും ഓർക്കുവാനും***(2)***ഖബറാളികൾക്കുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാനുമാണ്.എന്നാൽ ആ ലക്ഷ്യങ്ങൾക്കുമപ്പുറം മരണപ്പെട്ടവരോട് തന്നെ സഹായം തേടാനും അവരോട് ആവലാതികളും ആവശ്യങ്ങളും നിരത്താനും അവരിൽ ഭരമേൽപ്പിക്കാനും അവർക്ക് നേർച്ച. വഴിപാടുകളും ബലിയും അർപ്പിക്കാനുമായി അത് വഴി മാറി. അത് അവർക്കുള്ള ആരാധനയാണെന്നതിൽ സംശയമില്ല. അതെ, ഹദീസിന്റെ ഭാഷയിൽഖബറാരാധനയാണ്. പ്രവാചകൻ(സ)എതിർത്തു.

" لَعَنَ اللهُ الْيَهُودَ وَالنَّصَارَى إتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ " / رواه مسلم

'ജൂത-ക്രിസ്ത്യാനികളെ അല്ലാഹു ശപിക്കട്ടെ. അവരുടെ നബിമാരുടെ ഖബറുകൾ അവർ ആരാധന സ്ഥലമാക്കി'. (മുസ്ലിം)

" ألا فَلَا تَتَّخِذُوا الْقُبُورَ مَسَاجِدَ فَإِنِّي أَنْهَاكُمْ عَنْ ذَلِكَ " / رواه مسلم

അറിയുക! നിങ്ങൾ ഖബറുകളെ ആരാധന സ്ഥലമാക്കരുത്.അ തിൽനിന്ന് നിങ്ങളെ ഞാൻ വിലക്കുന്നു.' .(മുസ്‌ലിം)

നബി(സ) പ്രാർത്ഥിച്ചു:

عَنْ عَطَاءِ بْنِ يَسَارٍ أَنَّ رَسُولَ اللَّهِ -صلى الله عليه وسلم- قَالَ « اللَّهُمَّ لاَ تَجْعَلْ قَبْرِى وَثَنًا يُعْبَدُ اشْتَدَّ غَضَبُ اللَّهِ عَلَى قَوْمٍ اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ/ رواه مالك في الموطأ

'അല്ലാഹുവേ, എന്റെ ഖബറിനെ നീ ആരാധിക്കപ്പെടുന്നവിഗ്രഹ മാക്കരുതേ-തങ്ങളുടെ നബിമാരുടെ ഖബറുകൾ ആരാധനസ്ഥല മാക്കിയ (ഖബറുകളെ ആരാധിച്ച) വരുടെ മേൽ അല്ലാഹുവിന്റെ കോപം കഠിനമായിത്തീരട്ടെ!' (മാലിക്- മുവത്വഅ്)

പ്രവാചകൻ(സ)മരണപ്പെടുന്നതിന് അഞ്ച് ദിവസം മുമ്പ് നടത്തി യ ഈ പ്രാർത്ഥന-ശാപപ്രാർത്ഥനവളരെ ഗൗരവമർഹിക്കുന്നു.മ രണപ്പെട്ട മഹാന്മാർ നമ്മുടെ ആവലാതികളും മറ്റും കേട്ട് ഉത്ത രംചെയ്യുമെന്ന വിശ്വാസമാണ് അവരോട് പ്രാർത്ഥിക്കാനും നേർ ച്ചവഴി പാടുകളർപ്പിക്കാനും അവരിൽ ഭരമേൽപ്പിക്കാനുമെല്ലാംചി ലരെപ്രേരിപ്പിക്കുന്നത്. ആ പ്രതീക്ഷയുടെ കടയ്ക്ക് കത്തിവെച്ചു.

إِنَّكَ لَا تُسْمِعُ الْمَوْتَىٰ (٨٠) سورة النمل

മരണപ്പെട്ടവരെ നിനക്ക് കേൾപ്പിക്കാനാവുകയില്ല; തീർച്ച'

(ഖുർആൻ : അധ്യായം:27 നംല് : വചനം: 80)

وَمَا أَنتَ بِمُسْمِعٍ مَّن فِي الْقُبُورِ (٢٢) سورة فاطر

നിനക്ക് ഖബറുകളിലുള്ളവരെ കേൾപ്പിക്കാനാവില്ല'

(ഖുർആൻ: അധ്യായം 35: ഫാത്വിർ 2)

നബി(സ)ക്ക് സലാം ചൊല്ലുന്നതും അവിടുന്ന് കേൾക്കുന്നില്ല. നബി(സ)പറഞ്ഞു:

« إِنَّ لِلَّهِ عَزَّ وَجَلَّ مَلاَئِكَةً سَيَّاحِينَ فِى الأَرْضِ يُبَلِّغُونِى مِنْ أُمَّتِى السَّلاَمَ » رواه أحمد

'ഉന്നതനും പ്രതാപിയുമായ അല്ലാഹുവിന്ന് ഭൂമിയിൽ സഞ്ചരി ക്കുന്ന മലക്കുകളുണ്ട്. അവർ എന്റെ ഉമ്മത്തിൽനിന്നുള്ള സലാം എനിക്ക് എത്തിച്ചുകൊണ്ടിരിക്കും.' (അഹ്മദ്)

വിഗ്രഹ പൂജയുടെ തുടക്കം ഖബർ പൂജയിൽനിന്നായി രുന്നു. നൂഹ് നബി (അ) യുടെജനതയിൽ അത് രണ്ടും തുടക്കം കുറിച്ചിരുന്നു. വദ്ദ്, സുവാഅ്, യഊഖ്, യഊഥ്, നസ്ർ പോലെ യുള്ള മഹാന്മാരെത്തന്നെ രണ്ടിലും ആരാധിച്ചു.

وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا (٢٣) سورة نوح

'അവർ പറഞ്ഞു: '(ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നി വരെ നിങ്ങൾ ഉപേക്ഷിക്കരുത്. (ഖുർആൻ: അ: 71 : നൂഹ്: 23)

ആ മഹാന്മാരോടുള്ള ആദരവിനായി അവരുടെ ഖബറുകൾക്കരികെ ഭജനമിരുന്നവരോട്:'അവരുടെ വിഗ്രഹംകൂടി ഉണ്ടാക്കിയെങ്കിൽ മാത്രമേ ആദരവ് പൂർത്തിയാകൂ' എന്ന് പിശാച് ദുർബോധനം നടത്തി. അവർ അതിന് വഴിപ്പെട്ടു. ചരിത്രത്തിൽ ആദ്യമായി മഹാന്മാരുടെ വിഗ്രഹങ്ങളുണ്ടാക്കി ആദരിച്ചു. പിൻതലമുറയോട് അവയെ ആരാധിക്കാനായി പിശാച് പ്രേരിപ്പിച്ചു. മുൻതലമുറ അവയെ ആരാധിച്ചെന്നും അതിനാൽ മഴ ലഭിച്ചിരുന്നെന്നും ഇബ്‌ലീസ് പറഞ്ഞു. അവർ ആ വിഗ്രഹങ്ങളെ ആരാധിച്ചു തുടങ്ങി. (തഫ്സീർ ഇബ്നു കസീർ 4/455)

അതിനാൽ ശിർക്കിന്റെ കാര്യത്തിൽ രണ്ടും തുല്യമാണ്. രണ്ടിടത്തും ഒരേലക്ഷ്യം. രണ്ടിടത്തും അല്ലാഹുഅല്ലാത്തവരിൽ ഭരമേൽപ്പിക്കുന്നു. ആവശ്യങ്ങളും ആവലാതികളും അർപ്പിച്ച് പ്രാർത്ഥിക്കുന്നു. നേർച്ച-വഴിപാടുകൾ രണ്ടിടത്തും എത്തുന്നു. എണ്ണവിളക്ക് രണ്ടിടത്തും കത്തിക്കുന്നു.

എത്രയോ പണവും സമയവും ത്യാഗവുമാണ് ഈ ശിർക്കിന്റെ പിന്നിൽ അറിവില്ലാതെ പലരും ചിലവാക്കുന്നത്. പക്ഷേ, ഫലമില്ലാത്ത പണിയാണിത് എന്ന് അല്ലാഹു പറയുന്നു.

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا(٥٦)

"(നബിയേ) പറയുക: അല്ലാഹുവിനു പുറമേ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ചു പോന്നവരെ നിങ്ങൾ വിളിച്ചു നോക്കൂ. നിങ്ങളിൽനിന്ന് ഉപദ്രവം നീക്കുവാനോ(നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല.(56)

أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا (٥٧) سورة الإسراء

അവർ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർതന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപന മാർഗ്ഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.) അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിന്റെ രക്ഷിതാവിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു."

(ഖുർആൻ: അധ്യായം:17 ഇസ്റാഅ്: വചനം: 56, 57)

വരാനിരിക്കുന്നപരലോക വിചാരണയിൽ പടച്ചവൻ പിടിച്ചു നിർത്തി കഠിനമായി ചോദ്യം ചെയ്യുമെന്നും ശിർക്കിന്റെ പേരിലുള്ള വിചാരണ ഏറ്റവും കഠിനമായതാണെന്നും മറക്കാതിരിക്കുക.

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَائِيَ الَّذِينَ كُنتُمْ تَزْعُمُونَ (٦٢) سورة القصص

''അവൻ (അല്ലാഹു) അവരെ വിളിക്കുകയും 'എന്റെ പങ്കുകാർ എന്ന് നിങ്ങൾ ജല്പിച്ചിരുന്നവർ എവിടെ?'എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ.)''

(ഖുർആൻ: അധ്യായം :28 ഖസസ് :വചനം: 62)

وَيَوْمَ يَقُولُ نَادُوا شُرَكَائِيَ الَّذِينَ زَعَمْتُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا لَهُمْ وَجَعَلْنَا بَيْنَهُم مَّوْبِقًا (٥٢) سورة الكهف

''എന്റെ പങ്കാളികളെന്ന് നിങ്ങൾ ജൽപ്പിച്ചുകൊണ്ടിരുന്നവരെ നിങ്ങൾ വിളിച്ചുനോക്കൂ എന്ന് അവൻ (അല്ലാഹു) പറയുന്ന ദിവസവും (ശ്രദ്ധേയമത്രെ.) അപ്പോൾ അവർ ഇവർക്ക്ഉത്തരം നൽകുന്നതല്ല. അവർക്കിടയിൽ നാം ഒരു നാശ ഗർത്തം ഉണ്ടാക്കുകയും ചെയ്യും'' (ഖുർആൻ: അധ്യായം : 18 കഹ്ഫ് :വചനം: 52)

പടച്ചവന് ഏറ്റവും കോപമുള്ളതാണല്ലോ അവന് പങ്കാളിയെ വെക്കുന്നത് - അവന് മാത്രം അർഹമായത് അവനല്ലാത്തവർക്ക് നൽകുന്നത്. ഭാര്യയുടെ അവിഹിത ബന്ധത്തിൽ അതികഠിനമായി കോപിക്കാത്ത, പ്രതികരിക്കാത്ത മാന്യന്മാരുണ്ടോ നമ്മുടെയിടയിൽ ? നമ്മുടെ തന്നെ നിലപാട് ഇതാണെങ്കിൽ സൃഷ്ടിക്കുകയും എല്ലാസുഖ-സൗകര്യങ്ങളും ആരോഗ്യവും നൽകി സംരക്ഷിച്ചുകൊണ്ടിരിക്കുന്ന പടച്ച റബ്ബിനോട് അവന്റെ മാത്രമായ അവകാശത്തിൽ പങ്ക് ചേർക്കുന്നത് എത്രയോ ഭീകരമായിരിക്കും.

الَّذِي جَعَلَ مَعَ اللَّهِ إِلَهًا آخَرَ فَأَلْقِيَاهُ فِي الْعَذَابِ الشَّدِيدِ (٢٦) سورة ق

''അതെ അല്ലാഹുവോടൊപ്പം വേറെ ദൈവത്തെ സ്ഥാപിച്ച ഏതൊരുവനെയും അതിനാൽ കഠിനമായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക.''(ഖുർആൻ: അധ്യായം 50 ഖാഫ് :വചനം: 26)

എന്നാൽ ശിർക്ക് നിലനിന്ന് കാണാൻ ആഗ്രഹിക്കുന്നവർ ഖബറാരാധനയുംമറ്റ് ശിർക്കുകളുംവ്യാഖ്യാനിച്ച് നിലനിർത്തും.(സ്വമദാക്കാതിരുന്നാൽ മതിയല്ലോയെന്ന് പറയും. അത് വിശ്വാസത്തെ ചൂഷണംചെയ്യാനാണെന്ന് അധികപേരും മനസ്സിലാക്കുന്നുമില്ല.)

وَمَا يُؤْمِنُ أَكْثَرُهُمْ بِاللَّهِ إِلاَّ وَهُم مُّشْرِكُونَ (١٠٦) سورة يوسف

'അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് മറ്റുള്ളവരെ പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്. (ഖുർആൻ: സൂറ:12 യൂസുഫ്: വചനം: 106 )നബി(സ) പ്രവചിച്ചു:

« لا تقومُ السَّاعَةُ حتَّى تَلحَقَ قَبَائِلُ مِنْ أُمَّتِي بِالمُشرِكِينَ وَحتَّى يَعبُدُوا الأَوثَانَ ». رواه الترمذي

എന്റെ സമുദായത്തിൽനിന്ന് ചില ഗോത്രങ്ങൾ മുശ്രിക്കുകളോട് ചേരുന്നത്വരെയും അവർ വിഗ്രഹത്തെ ആരാധിക്കുന്നത്

വരെയും ഖിയാമത്ത് നാൾ സംഭവിക്കുകയില്ല.' (തിർമിദി)

ചിന്തിക്കുക! മരിച്ച മഹാന്മാരെ ആദരിക്കുന്നുവെന്ന പേരിൽ നമ്മളും ഇതിൽപ്പെടണോ ?

**ومن أنواع الشرك تعلق التميمة**

## *ഉറുക്ക്, നൂൽ പോലെയുള്ളത് മന്ത്രിച്ച് കെട്ടൽ*

അല്ലാഹുവിൽ തന്നെ ഭരമേൽക്കുകയെന്ന തൗഹീദിൽ നിന്ന കന്നവർ ചെന്നെത്തുന്ന ശിർക്കിന്റെ മറ്റൊരു രംഗമാണിത്. അവരുടെ തവക്കുൽ മന്ത്രവാദികളിലേക്കും,ജിന്നു-പിശാചുക്കളിലേക്കും,മലക്കുകളിലേക്കും നീങ്ങുന്നു. അങ്ങിനെ അവരെ ആരാധ്യരാക്കുന്നു.മന്ത്രവാദികൾ നൽകുന്ന ഉറുക്ക്, നൂലിലൂടെ രോഗശമനമോ ബർക്കത്തോ ആഗ്രഹ സഫലീകരണമോ പ്രതീക്ഷിച്ചാൽ അത് ശിർക്കായി. നബി(സ)യുടെയടുക്കൽ ബൈഅത്ത് (പ്രതിജ്ഞ) ചെയ്യാൻ വന്ന പത്ത് പേരിൽ ഒരാളെ നബി(സ) മാറ്റി നിർത്തി. കാരണം അയാളുടെ ശരീരത്തിൽ മന്ത്രിച്ച നൂൽ കണ്ടു. അവിടുന്ന് അത് വലിച്ച്പൊട്ടിച്ചുകൊണ്ട് പറഞ്ഞു:

« مَنْ عَلَّقَ تَمِيمَةً فَقَدْ أَشْرَكَ ». رواه أحمد

ആരെങ്കിലും തമീമ (മന്ത്രിച്ച നൂൽ-ഉറുക്ക്) കെട്ടിയാൽ അവൻ അല്ലാഹുവിൽ പങ്ക്ചേർത്തു.' (അഹ്മദ്).

« مَنْ عَلَّقَ تَمِيمَةً فَلَا أَتَمَّ اللهُ لَهُ" رواه أحمد

'ആരെങ്കിലും തമീമ (മന്ത്രിച്ച നൂൽ-ഉറുക്ക്) കെട്ടിയാൽ അല്ലാഹു അവന്റെ ഉദ്ദേശം പൂർത്തിയാക്കാതിരിക്കട്ടെ,' (അഹ്മദ്),

ഖുർആനോ ഹദീസിലെ പ്രാർത്ഥനകളോ മാത്രമാണെങ്കിൽ അത് ഓതി സ്വന്തം ദേഹത്ത് ഊതാം, തടവാം. എന്നാൽ അവ ഓതി വെള്ളത്തിൽ ഊതി കുടിക്കുന്നതും എഴുതി കെട്ടുന്നതും ബിദ്അത്തായ രീതിയാണ്. അല്ലാഹു അല്ലാത്തവരുടെ നാമങ്ങളെഴുതിയ ഉറുക്കാണെങ്കിൽ അത് ശിർക്കുമാണ്. അതായത് ശിർക്ക് ഉൾക്കൊള്ളുന്ന ഉറുക്കാണെങ്കിൽ അത് ശിർക്കാണ്. അല്ലാത്തവ ബിദ്അത്തും ഹറാമുമാണ്.

٣٨٨٥ - عَنْ عَبْدِ اللَّهِ قَالَ سَمِعْتُ رَسُولَ اللَّهِ -صلى الله عليه وسلم- يَقُولُ « إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ ». قَالَتْ قُلْتُ لِمَ تَقُولُ هَذَا وَاللَّهِ لَقَدْ كَانَتْ عَيْنِي تَقْذِفُ وَكُنْتُ أَخْتَلِفُ إِلَى فُلاَنٍ الْيَهُودِيِّ يَرْقِينِي فَإِذَا رَقَانِي سَكَنَتْ. فَقَالَ عَبْدُ اللَّهِ إِنَّمَا ذَاكِ عَمَلُ الشَّيْطَانِ كَانَ يَنْخَسُهَا بِيَدِهِ فَإِذَا رَقَاهَا كَفَّ عَنْهَا إِنَّمَا كَانَ يَكْفِيكِ أَنْ تَقُولِي كَمَا كَانَ رَسُولُ اللَّهِ -صلى الله عليه وسلم- يَقُولُ « أَذْهِبِ الْبَاسَ رَبَّ النَّاسِ اشْفِ أَنْتَ الشَّافِي لاَ شِفَاءَ إِلاَّ شِفَاؤُكَ شِفَاءً لاَ يُغَادِرُ سَقَمًا ».رواه أبو داود

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) വിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: "തീർച്ചയായും മന്ത്രം, ഉറുക്ക്, തിവലത്ത്

(അസ്മാഇന്റെ പണികൾ) എന്നിവ ശിർക്കാകുന്നു. അപ്പോൾ അബ്ദുല്ലാഹിബ്നു മസ്ഊദ് (റ)വിന്റെ സഹോദരി പറഞ്ഞു: എന്റെ കണ്ണിലൂടെ വെള്ളം ഒഴുകുമ്പോൾ ജൂതനായ (മന്ത്രവാദിയെ) ഞാൻ സമീപിക്കും. അയാൾ മന്ത്രിക്കുമ്പോൾ അത് ശമിക്കുകയും ചെയ്യാറുണ്ടല്ലോ? അപ്പോൾ അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പറഞ്ഞു: അത് പിശാചിന്റെ പ്രവർത്തനമാണ്. പിശാച് അവന്റെ വിരൽകൊണ്ട് കണ്ണിൽ കുത്തുകയാണ് (കണ്ണിൽനിന്ന് വെള്ളം വരികയും മന്ത്രവാദിയെ സമീപിക്കുകയും ചെയ്യാൻ വേണ്ടി) അവിടെ നിനക്ക് നബി (സ)നിർദ്ദേശിച്ചതുപോലെ ചെയ്താൽ മതിയായിരുന്നു. അതായത്:

''ജനങ്ങളുടെ റബ്ബേ, നീ രോഗം സുഖപ്പെടുത്തേണമേ,നീയാണ് രോഗം ഭേദപ്പെടുത്തുന്നവൻ, നിന്റെ സുഖപ്പെടുത്തലല്ലാതെ വേറേ സുഖപ്പെടുത്തലില്ല, രോഗം മടങ്ങി വരാത്ത രീതിയിൽ നീ ഭേദപ്പെടുത്തേണമേ,.'' എന്ന്

« أذهِبِ البَاسَ رَبَّ النَّاسِ اشْفِ أنْتَ الشَّافِي لا شِفَاءَ إلاَّ شِفَاؤُكَ شِفَاءً لا يُغَادِرُ سَقَمًا ».

## إتيان العرافين والكهان

## ജോത്സ്യനെ- ലക്ഷണക്കാരനെ സമീപിക്കൽ

« مَنْ أتَى كَاهِنًا أوْ عَرَّافًا فَصَدَّقَهُ بِمَا يَقُولُ فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ ». رواه أحمد

''ആരെങ്കിലും ജോത്സ്യനെയോ-കണക്കിട്ടു നോക്കുന്നവനെയോ ലക്ഷണം നോക്കിപ്പറയുന്നവനെയോ സമീപിച്ച് അവൻ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ അവൻ മുഹമ്മദിന്റെ മേൽ ഇറങ്ങിയതിനെ(ഖുർആനിനെ)അവിശ്വസിച്ചിരിക്കുന്നു''(അഹ്മദ്) ഇനി അവൻ പറയുന്നത് വിശ്വസിച്ചില്ലെങ്കിലും അവിടെ പോയതിന്റെപേരിൽ മാത്രംഅവന്റെ നാൽപത്ദിവസത്തെ നമസ്കാരം അല്ലാഹു സ്വീകരിക്കാതാവുന്നു. നബി(സ)പറഞ്ഞു:

« مَنْ أتَى عَرَّافًا فَسَألَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلاةُ أرْبَعِينَ لَيْلَةً./رواه مسلم 5957

'വല്ലവനും ലക്ഷണം നോക്കുന്നവനെ സമീപിക്കുകയും അവനോട് എന്തെങ്കിലും അന്വേഷിക്കുകയും ചെയ്താൽ (അതിൽ വിശ്വസിച്ചില്ലെങ്കിലും)അവന്റെ നാൽപ്പത് ദി വസത്തെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല' (മുസ്ലിം).

അദൃശ്യംഅറിയുകഎന്ന അല്ലാഹുവിന്റെ മാത്രമായ വിശേഷണം ഇതിന്റെ പിന്നിലൂടെ സൃഷ്ടികൾക്ക് വകവെച്ച് കൊടുക്കുന്നുണ്ട്.

قُلْ لَا يَعْلَمُ مَنْ فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ (٦٥) سورة النمل

''(നബിയേ,)പറയുക;ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യംഅറിയുകയില്ല;അല്ലാഹുവല്ലാതെ''(ഖുർആൻ:27:65)

## ومن أنواع الشرك الأصغر الحلف بغير الله

### *അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യൽ*

സൃഷ്ടാവിനെക്കൊണ്ടുമാത്രമേ സൃഷ്ടികൾസത്യം ചെയ്യാവൂ. സൃഷ്ടികളെക്കൊണ്ട് സത്യം ചെയ്യാൻ പാടില്ല. എന്നാൽ സൃഷ്ടാവ് സൃഷ്ടികളെക്കൊണ്ട് സത്യം ചെയ്യുന്നതാണ്. ഉദാഹരണം:

وَالشَّمْسِ وَضُحَاهَا (١) سورة الشمس

"സൂര്യനും അതിന്റെ പ്രഭയും തന്നെയാണ സത്യം"(ഖു:91: 1)

عَنْ عَبْدِ اللَّهِ بْنِ عُمَرَ - رضي الله عنهما - أَنَّ رَسُولَ اللَّهِ - صلى الله عليه وسلم - أَدْرَكَ عُمَرَ بْنَ الْخَطَّابِ وَهُوَ يَسِيرُ فِي رَكْبٍ يَحْلِفُ بِأَبِيهِ فَقَالَ « أَلاَ إِنَّ اللَّهَ يَنْهَاكُمْ أَنْ تَحْلِفُوا بِآبَائِكُمْ ، مَنْ كَانَ حَالِفًا فَلْيَحْلِفْ بِاللَّهِ ، أَوْ لِيَصْمُتْ » رواه البخاري

ഇബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പിതാക്കളെക്കൊണ്ട് സത്യം ചെയ്യുന്നത് അല്ലാഹു നിരോധിച്ചിരിക്കുന്നു. ആർക്കെങ്കിലും സത്യം ചെയ്യേണ്ടി വന്നാൽ അവൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്യട്ടെ!"

(ഹദീസ്: ബുഖാരി)

عَنْ ابْنُ عُمَرَ إِنِّي سَمِعْتُ رَسُولَ اللَّهِ -صلى الله عليه وسلم- يَقُولُ (( مَنْ حَلَفَ بِغَيْرِ اللَّهِ فَقَدْ أَشْرَكَ )) رواه البخاري

ഇബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം: നബി(സ) പറയുന്നത് ഞാൻ കേട്ടു: 'ആരെങ്കിലും അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്താൽ അവൻ അല്ലാഹുവിൽപങ്ക്ചേർത്തിരിക്കുന്നു'.

(ഹദീസ്: ബുഖാരി)

ആരാധനാ ഭാവമില്ലാത്ത സത്യം ചെയ്യൽ ചെറിയ ശിർക്കാണ്.ഒരാൾ തന്റെ പിതാവിനെക്കൊണ്ട് സത്യംചെയ്യുന്നത് പോലെ.ആരാധനാ ഭാവത്തോടെയുള്ള സത്യംചെയ്യൽ വലിയ ശിർക്കാവും.

وَحَدِيثُ أَبِي هُرَيْرَةَ عَنِ النَّبِيِّ -صلى الله عليه وسلم- أَنَّهُ قَالَ

(( مَنْ قَالَ فِي حَلِفِهِ وَاللاَّتِ وَالْعُزَّى فَلْيَقُلْ لاَ إِلَهَ إِلاَّ اللَّهُ)) .رواه الترمذي

അബീഹുറയ്റ (റ) നബി(സ)യിൽനിന്ന് നിവേദനം ചെയ്യുന്നു: നബി (സ) പറഞ്ഞു: 'ആരെങ്കിലും ലാത്തയെയും ഉസ്സയേയും കൊണ്ട് സത്യംചെയ്താൽ അവൻ 'അല്ലാഹു അല്ലാതെ ആരാധ്യനില്ല' എന്ന് (പരിഹാരമായി) പറയട്ടെ'.(തിർമിദി)

അതെ, തൗഹീദിലേക്ക് തിരിച്ച് വരട്ടെ. അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യുന്നത് തൗഹീദിനെ തകർക്കുമെന്ന് സാരം. ചില ജാറങ്ങളിലേക്ക് സത്യം ചെയ്യിക്കാൻ കൊണ്ടു പോകുന്നത് കേരളത്തിൽതന്നെയുണ്ടല്ലോ.ചിലർ ബദ്രീങ്ങളെക്കൊണ്ട്, ചിലർ മുഹിയിദ്ദീൻ ശൈഖിനെക്കൊണ്ട്, നബിയെക്കൊണ്ട്, മമ്പുറം ത

ങ്ങളെക്കൊണ്ട്, ബീമാ ഉമ്മാ തുടങ്ങി (അല്ലാഹു അല്ലാത്ത) അവരുടെ ആരാധ്യരെക്കൊണ്ട് സത്യം ചെയ്യുന്നവർക്ക് ഈ ഹദീസിന്റെഅടിസ്ഥാനത്തിൽ'ലാഇലാഹ ഇല്ലല്ലാ'നഷ്ടപ്പെടുന്നുപശ്ചാത്തപിച്ച്'അല്ലാഹുഅല്ലാതെ ആരാധ്യനില്ല' എന്ന് (പരിഹാരമായി) മനസ്സിൽ ദൃഢമാക്കി പറഞ്ഞ് അവർ തൗഹീദിലേക്ക് മടങ്ങണം. അല്ലാഹുവിനെ അറിയേണ്ട മുറപ്രകാരം അറിയാത്തതും അവനോടുള്ള കടമകളെപ്പറ്റി അജ്ഞതയും നിസ്സാരതയും തൗഹീദിൽ വീഴ്ചവരുത്താൻ-അവനിൽ പങ്ക്ചേർക്കാൻ ഇടവരുത്തുന്നു. മരണപ്പെട്ട പുണ്യവാളന്മാരിലേക്ക് മന്ത്രവാദികളിലേക്ക് അല്ലാഹുവിന് മാത്രമായിരിക്കേണ്ട ആരാധനകൾ തിരിച്ചു വിടുന്നു. അവരെ മഹത്വപ്പെടുത്താൻ അല്ലാഹുവിന്റെ മാത്രമായ വിശേഷണങ്ങൾ ഇവർക്ക് വെച്ചുകെട്ടുന്നു.ശിർക്ക് ചെയ്യുന്നവരെക്കുറിച്ച് അല്ലാഹു പറഞ്ഞു:

مَا قَدَرُوا اللَّهَ حَقَّ قَدْرِهِ إِنَّ اللَّهَ لَقَوِيٌّ عَزِيزٌ (٧٤) سورة الحج

''അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല.തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു.'' (ഖുർആൻ : അധ്യായം: 22 ഹജ്ജ് : വചനം 74 )

## أسماء الله الحسنى

## *അല്ലാഹുവിന്റെ ഏറ്റവും ഉത്തമ നാമങ്ങൾ*

അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളിൽ നിരവധിഖുർആനിലും ഹദീസിലുംവന്നിട്ടുണ്ട്.അതിന്'അസ്മാഉൽ ഹുസ്ന'(ഏറ്റവുംഉത്തമനാമങ്ങൾ)എന്ന് പറയുന്നു. അതെല്ലാം അല്ലാഹുവിന്റെ ഗുണങ്ങളെയും പ്രവർത്തികളെയുംസൂചിപ്പിക്കുന്നു.അല്ലാഹുവിനെപ്പറ്റികൂടുതൽ അറിയാനുംഅവന് കീഴ്പ്പെട്ട് ജീവിക്കാനുള്ള പ്രേരണയും. തൗഹീദും തഖ്വയും അതിലൂടെ ലഭിക്കുന്നു.

ഉദാഹരണം: അല്ലാഹു ഏകൻ (الله أحد)അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് ബോധമുണ്ടാക്കുന്നു. പരമ കാരുണീകൻ (الرحمن), ഏറെ പൊറുക്കുന്നവൻ:(الغفور),ഈ വിശേഷണങ്ങൾ അല്ലാഹുവിനെക്കുറിച്ച് ആശാവഹമായ,ഒരുബോധം നൽകുന്നു.എല്ലാംകേൾക്കുന്നവൻ(السميع) ,എല്ലാം കാണുന്നവൻ(البصير), ഇത്രഹസ്യ-പരസ്യങ്ങളിൽ അല്ലാഹുവിനെ സൂക്ഷിച്ച്ജീവിക്കാനും അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാതിരിക്കാനും. പ്രേരിപ്പിക്കുന്നു.

അവന്റെ നാമങ്ങൾ മനപ്പാഠമാക്കുകയും അതിന്റെ ആശയം അറിയുകയും ജീവിതത്തിൽ(വിശ്വാസ-കർമ്മ മേഖലകളിൽ) അതിന്റെ സ്വാധീനമുണ്ടാക്കുകയുംചെയ്യുകഎന്നത് നമുക്ക് അല്ലാ

ഹുവിന്റെ നാമങ്ങളോടുള്ള ബാധ്യതയാണ്.

അല്ലാഹുവിന്റെ നാമങ്ങളും ഗുണങ്ങളും ഏറ്റവും പരിപൂർണ്ണത യിലുള്ളതാണ്. സൃഷ്ടികളുടേത് അപൂർണ്ണമാണ്. ഈ നാമങ്ങളോ അതിന്റെ ആശയമോ സൃഷ്ടികൾക്ക് പറയാൻ പാടില്ല. ഇതേ പദങ്ങൾകൊണ്ട് സൃഷ്ടികളെ വിശേഷിപ്പിക്കുമ്പോൾ ال ചേർക്കാതെ പറയുക رؤف، رحيم. പോലെ. ഇത് കൊണ്ട് സൃഷ്ടികൾക്ക് നാമകരണവും പാടില്ല.. عبد (ദാസൻ) എന്ന് ചേർത്ത് عبد الرحمن، عبد السلام പോലെ ഉപയോഗിക്കാവുന്നതാണ്.

ഏകദേശം 66 നാമങ്ങൾ ഖുർആനിൽവന്നിട്ടുണ്ട് ബാക്കിയുള്ളത് ഹദീസിലും.എന്നാൽ, 99 നാമമെന്ന് തിർമിദിയുടെ ഹദീസിൽ വന്നത് ക്ലിപ്തമായ കണക്കല്ല. അതിലേറെയുണ്ടെന്ന് ഹദീസിൽത്തന്നെ സൂചന കാണാം. നബി(സ)യുടെ പ്രാർത്ഥനയിൽ:

أسألكَ بِكُلِّ اسمٍ هُوَ لكَ سَمَّيْتَ بِهِ نَفسَكَ أوْ عَلَّمْتَهُ أحَدا مِنْ خَلقِكَ أوْ انزَلتَهُ فِى كِتَابِكَ او استَأثَرْتَ بِهِ فِى عِلمِ الغَيْبِ عِنْدَكَ (رواه أحمد)

'നീ സ്വയം വിശേഷിപ്പിച്ചതും നിന്റെ ഒരു സൃഷ്ടിക്ക് നീ പഠിപ്പിച്ചുകൊടുത്തതും നീ നിന്റെ ഗ്രന്ഥത്തിൽ ഇറക്കിയതും നിന്റെയടുക്കൽ അദൃശ്യ ജ്ഞാനത്തിൽ നീ തെരെഞ്ഞെടുത്തതുമായ നിന്റെ എല്ലാ നാമ (വിശേഷണ) ങ്ങളെയും മുൻ നിർത്തി ഞാൻ നിന്നോട് ചോദിക്കുന്നു':(അഹ്മദ്)

അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളുള്ള ചില വചനങ്ങൾ:

قُلْ هُوَ اللَّهُ أحَدٌ (١) اللَّهُ الصَّمَدُ} (٢) لَمْ يَلِدْ وَلَمْ يُولَدْ (٣) وَلَمْ يَكُن لَهُ كُفُوًا أحَدٌ (٤)
سورة الإخلاص

(നബിയേ) പറയുക, കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതി യായി) ജനിച്ചിട്ടുമില്ല. അവനു തുല്യനായി ആരും ഇല്ലതാനും.'

(ഖുർആൻ: അധ്യായം 112 ഇഖ്ലാസ്)

അല്ലാഹുവിന്റെ ഏകത്വത്തെക്കുറിക്കുന്ന പ്രധാന വിശേഷണൾ അടങ്ങിയിട്ടുള്ളതിനാൽ ഈ സൂറത്തിനെ ഖുർആനിന്റെ മൂന്നിലൊന്നായി നബി(സ)പരിചയപ്പെടുത്തി.

സൂറ: അൽബഖറ 225 - ആയത്തുൽ കുർസി നോക്കുക:

اللَّهُ لا إِلَهَ إِلاَّ هُوَ الحَيُّ القَيُّومُ لا تَأخُذُهُ سِنَةٌ وَلا نَوْمٌ لَهُ مَا فِي السَّمَاوَاتِ وَمَا فِي الأَرْضِ مَن ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلا يُحِيطُونَ بِشَيْءٍ مِّنْ

عِلْمِهِ إِلاَّ بِمَا شَاء وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالأَرْضَ وَلاَ يَؤُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ (٢٥٥) سورة البقرة

'അല്ലാഹു,അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശ ഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവർക്ക് മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു,അവന്റെ അറിവിൽ നിന്ന് അവൻ ഇഛിക്കുന്നതല്ലാതെ (മററൊന്നും) അവർക്ക് സൂഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശ, ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു.അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.' (സൂറ: ബഖറ 255)

هُوَ الْأَوَّلُ وَالْآخِرُ وَالظَّاهِرُ وَالْبَاطِنُ وَهُوَ بِكُلِّ شَيْءٍ عَلِيمٌ (٣) سورة الحديد

"അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്." (ഖുർആൻ: അധ്യായം 57 ഹദീദ് വചനം: 3)

هُوَ اللَّهُ الَّذِي لَا إِلَهَ إِلَّا هُوَ عَالِمُ الْغَيْبِ وَالشَّهَادَةِ هُوَ الرَّحْمَنُ الرَّحِيمُ (٢٢) هُوَ اللَّهُ الَّذِي لَا إِلَهَ إِلَّا هُوَ الْمَلِكُ الْقُدُّوسُ السَّلَامُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ (٢٣) هُوَ اللَّهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الْأَسْمَاء الْحُسْنَى يُسَبِّحُ لَهُ مَا فِي السَّمَاوَاتِ وَالْأَرْضِ وَهُوَ الْعَزِيزُ الْحَكِيمُ (٢٤) سورة الحشر

"താനല്ലാതെ യാതൊരരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമ കാരുണീകനും കരുണാനിധിയുമാകുന്നു".

താനല്ലാതെ യാതൊരാരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളനുംപരമ പരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!

സൃഷ്ടാവും നിർമ്മാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന്ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവ അവന്റെ മഹത്വത്തെപ്രകീർത്തിക്കുന്നു." (ഖുർആൻ: 59 ഹശ്ർ വചനം: 22. 23. 24)

## ٣- توحيد الأسماء و الصفات

## *നാമ, വിശേഷണങ്ങളിൽ ഏകനാക്കൽ*

അല്ലാഹുവിന്റെ നാമ, വിശേഷണങ്ങൾ അവന് മാത്രമാണ്. അത് ഒരു സൃഷ്ടിക്കും നൽകാതിതിരിക്കുക. അല്ലാഹു കൊടുത്തതാണെന്ന് കരുതിക്കൊണ്ടായാൽ പോലും അങ്ങിനെ ചെയ്യുന്നത് സ്വിഫാത്തിൽ (വിശേഷണത്തിൽ) പങ്കുചേർക്കലാണ്.

لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ (١١) سورة الشورى

'അവനുതുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു.' (ഖുർആൻ : 42 ശൂറാ : 11 )

وَلَمْ يَكُن لَّهُ كُفُوًا أَحَدٌ (٤) سورة الإخلاص

'അവനു തുല്യനായി ആരും ഇല്ലതാനും' (ഖുർആൻ: 112: 4 )

فَلاَ تَضْرِبُوا لِلّهِ الأَمْثَالَ إِنَّ اللّهَ يَعْلَمُ وَأَنتُمْ لاَ تَعْلَمُونَ(٧٤) سورة النحل

'ആകയാൽ അല്ലാഹുവിന് നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല.'

### موقف أهل السنة والجماعة في الصفات

### *അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ നിലപാട്:*

اَلْإِيمَانُ بِمَا وَصَفَ اللهُ بِهِ نَفْسَهُ فِي كِتَابِهِ وَبِمَا وَصَفَ بِهِ رَسُولُهُ مُحَمَّدٌ صَلَّى اللهُ عَلَيْهِ وَسَلَّمَ مِنْ غَيْرِ تَحْرِيفٍ وَلَا تَعْطِيلٍ وَمِنْ غَيْرِ تَكْيِيفٍ وَلَا تَمْثِيلٍ

അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ സ്വന്തം സത്തയെ വിശേഷിപ്പിച്ചതും പ്രവാചകൻ മുഹമ്മദ് (സ) അല്ലാഹുവിനെ വിശേഷിപ്പിച്ചതുമായ നാമ, വിശേഷണങ്ങൾ ഉറച്ച് വിശ്വസിക്കുക.(നിഷേധിക്കാതെ, വ്യതാസപ്പെടുത്താതെ, എങ്ങിനെയെന്ന് രൂപപ്പെടുത്താതെ, ഉപമിക്കാതെ, കാരണം, അങ്ങിനെചെയ്യുന്നത് കൃത്രിമമാണ്, സ്വിഫാത്തിലെ കൃത്രിമം വൻ ശിക്ഷക്ക് കാരണമാണ്.

" وَلِلّهِ الأَسْمَاء الْحُسْنَى فَادْعُوهُ بِهَا وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَآئِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ" (١٨٠) سورة الأعراف

അല്ലാഹുവിന് ഏററവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും.' (ഖുർആൻ: അധ്യായം 7 അഅ്റാഫ് : 180 )

അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാകും, ഇറങ്ങും, വിചാരണക്ക് വരും തുടങ്ങിയപ്രവർത്തികളും, മുഖം, കൈ, തുടങ്ങിയവയെപ്പററിയുംഖുർആനിലും സ്വഹീഹായ ഹദീസിലും വന്നിട്ടുണ്ട്. അത് വ്യാഖ്യാനിക്കാതെ അങ്ങിനെ തന്നെ('അല്ലാഹുവിന്റെ

സത്തയ്ക്ക് അനുയോജ്യമായ നിലയിൽ 'എന്ന്) വിശ്വസിക്കുക.

وَلَمَّا سُئِلَ الْإِمَامُ مَالِكٌ رَحِمَهُ اللهُ عَنْ ذَلِكَ (الْإِسْتِوَاء) قَالَ:" الْإِسْتِوَاءُ مَعْلُومٌ وَالْكَيْفُ مَجْهُولٌ وَالْإِيمَانُ بِهِ وَاجِبٌ وَالسُّؤَالُ عَنْهُ بِدْعَةٌ"

ഇമാം മാലിക് (റ)ഒരു ചോദ്യത്തിന് മറുപടിയായിപറഞ്ഞു:'അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാകുമെന്നത് അറിയപ്പെട്ടതാണ്, അത് എങ്ങിനെയെന്നത് അറിയപ്പെടാത്തതാണ്, അത് വിശ്വസിക്കൽ നിർബ്ബന്ധമാണ്, എങ്ങിനെയെന്ന ചോദ്യം ബിദ്അത്താണ്'.

***ബിദ്അത്തിന്റെ കക്ഷികൾ കൃത്രിമം കാണിച്ചു.***

***ജഹ്മിയ്യഃ*** (جَهْمِيَّة) വിഭാഗം: അല്ലാഹുവിന്റെ വിശേഷണങ്ങൾ <u>സജീവമല്ല എന്ന് പറഞ്ഞു നിഷേധിച്ചു.</u>

***അശാഇറഃ, മാതുരിദിയ്യഃ, മുഅ്തസിലഃ***

(اَشَاعِرة، مَاتُرِدِية، مُعْتَزِلة) വിഭാഗം: അല്ലാഹുവിന്റെ വിശേഷണങ്ങൾ <u>വ്യാഖ്യാനിച്ചു വ്യത്യാസപ്പെടുത്തി.</u>

إسْتَوَى (ഉപവിഷ്ടനായി)എന്നതിനെ إسْتَوْلَى (അധിനപ്പെടുത്തി) എന്ന് വ്യാഖ്യാനിച്ചതുപോലെ. يَد (കൈ) എന്നതിനെ نِعْمَة (അനുഗ്രഹം) എന്ന് വ്യാഖ്യാനിച്ചതുപോലെ.

***മുശബ്ബിഹഃ*** (مُشَبِّهَة)വിഭാഗം: അല്ലാഹുവിന്റെ വിശേഷണങ്ങൾ (കാഴ്ച, കേൾവി, മുഖം, കൈ, തുടങ്ങിയവ) സൃഷ്ടികളുടെതിനോട് സാദൃശ്യപ്പെടുത്തി. അപ്രകാരം സൃഷ്ടികളോട് <u>ഉപമിച്ചു,</u> ട്രാൻസ്ഫോമറിനോടും കേന്ദ്രത്തോടും ചിലർ അല്ലാഹുവിനെ ഉപമിക്കുന്നത് പോലെ.

ഇറങ്ങൽ, സിംഹാസനത്തിൽ ഉപവിഷ്ടനാവൽ തുടങ്ങിയ വിശേഷണങ്ങൾഎങ്ങിനെയെന്ന് സൃഷ്ടികളുടേത് പോലെ<u>ചിത്രീകരിച്ചു.</u> ഇതെല്ലാം അല്ലാഹു നിരോധിച്ച കൃത്രിമങ്ങളാണ്. അല്ലാഹുവിന്റെ വിശേഷണങ്ങൾ പറഞ്ഞുവന്നിട്ടുള്ള ആയത്തുകളെയും ഹദീസുകളെയും അങ്ങിനെ തന്നെ(ബാഹ്യാർത്ഥത്തിൽ) പറയണമെന്നാണ് ഇമാം മാലിക്, അവ്സാഈ, സുഹ്രി, മക്ഹൂൽ, അല്ലൈസ്, സുഫ്യാനുസ്സൗരി പോലെയുള്ള പൂർവ്വികരായ (സലഫീ) പണ്ഡിതന്മാരുടെ നിലപാട്.

(ശൈഖ്: ഇബ്നുബാസ്.الشيخ: إبن باز رحمه الله)

സ്വിഫത്തുകളെ വ്യാഖ്യാനിച്ചിരുന്ന ഇമാം അശ്അരി' അവസാനം കൃത്രിമ നിലപാടുകൾ ഉപേക്ഷിച്ചു. ഖുർ ആനും ഹദീസും പ്രകാരം സ്വിഫത്തുകളെ പറഞ്ഞു. ഈ വിഷയത്തിൽ(അദ്ദേഹം തന്റെ നിലപാട് തിരുത്തി)രചിച്ച ഗ്രന്ഥമാണ് ഇബാന (ابانة )'

## *അല്ലാഹു എവിടെയാണ് ?* أين الله

പ്രസക്തമായൊരു ചർച്ചയാണിത്. അല്ലാഹു ഏഴാകാശങ്ങൾക്കു മീതെ അവന്റെ സിംഹാസനത്തിലാണ്; എല്ലായിടത്തുമല്ല.

" الرَّحْمَنُ عَلَى الْعَرْشِ اسْتَوَى " (٥) سورة طه

''പരമ കാരുണീകൻ സിംഹാസനസ്ഥനായിരിക്കുന്നു.''

(ഖുർആൻ: അധ്യായം: 20 ത്വാഹ: 5 )

അതെ, അല്ലാഹുവിന്റെ സത്തക്കനുയോജ്യമായ രീതിയിൽ അവന്റെ സിംഹാസനത്തിൽ ഇരിക്കും. സൃഷ്ടികളുടെ ഇരുത്തത്തോട് സാദൃശ്യമില്ല. (2:29, 7:54, 10:3, 13:2, 25: 59 ആവർത്തിക്കുന്നു.)

### *അല്ലാഹു ഏഴാകാശങ്ങൾക്കു മീതെയാണ്:*

أأمِنتُم مَّن فِي السَّمَاء أن يَخْسِفَ بِكُمُ الأرْضَ فَإذَا هِيَ تَمُورُ (١٦) سورة الملك

''ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ?. അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞുകൊണ്ടിരിക്കും'' (ഖുർആൻ: 67 മുൽക്ക്:16)

മനുഷ്യകർമ്മങ്ങളുടെ വിവരങ്ങളുമായി എല്ലാ ദിവസവും മലക്കുകൾ ഭൂമിയിൽ നിന്ന് അല്ലാഹുവിലേക്കുയരുന്നു എന്ന്(മുകളിലേക്ക് കയറുന്നു) എന്നർത്ഥമുള്ള (تَعْرُجُ) ഉപയോഗിച്ചിരിക്കുന്നു.

تَعْرُجُ الْمَلَائِكَةُ وَالرُّوحُ إِلَيْهِ فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ (٤) سورة المعارج

''അമ്പതിനായിരം കൊല്ലത്തിന്റെ അളവുള്ളതായ ഒരു ദിവസത്തിൽ മലക്കുകളും ആത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു'' (ഖുർആൻ: അധ്യായം: 70 മആരിജ് 4, ) നബി(സ)പറഞ്ഞു:

« ارْحَمُوا مَنْ فِي الأَرْضِ يَرْحَمْكُمْ مَنْ فِي السَّمَاءِ ». رواه الترمذي

''ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ ചെയ്യുക, എങ്കിൽ ആകാത്തുള്ളവൻ നിങ്ങൾക്ക് കരുണ ചെയ്യുന്നതാണ്.'' (തിർമിദി)

അല്ലാഹു ആഴാകാശങ്ങൾക്കു മുകളിലാണന്ന മറുപടി ഒരു അടിമ സ്ത്രീയുടെ അടിമത്വ മോചനത്തിനു കാരണമായി.

عَنْ مُعَاوِيَةَ بْنِ الْحَكَمِ السُّلَمِيِّ فَقَالَ لَهَا« أَيْنَ اللَّهُ ». قَالَتْ فِى السَّمَاءِ. قَالَ« مَنْ أَنَا».
قَالَتْ أَنْتَ رَسُولُ اللَّهِ. قَالَ « أَعْتِقْهَا فَإِنَّهَا مُؤْمِنَةٌ ». رواه مسلم في كتاب المساجد 1227

മുആവിയത്തുബിൻ ഹകമുസ്സുലമി(റ)കൊണ്ടുവന്നഅടിമ സ്ത്രീയോട് നബി(സ)ചോദിച്ചു: അല്ലാഹു എവിടെയാണ്?'അല്ലാഹു ആകാശങ്ങൾക്കു മുകളിലാണെന്ന് അവൾ മറുപടി പറഞ്ഞു. ഞാനാരാണ്? 'താങ്കൾ അല്ലാഹുവിന്റെ റസൂലാണ്'. അപ്പോൾ നബി(സ)പറഞ്ഞു:'അവൾ വിശ്വാസിനിയാണ് അവളെ സ്വതന്ത്രയാക്കൂ' (മുസ്ലിം)

അതിനാൽ അവന്റെ സത്ത എല്ലായിടത്തുമില്ല. പക്ഷേ, അവന്റെ

***അറിവ്*** എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. എല്ലാം കാണുന്നു, എല്ലാംകേൾക്കുന്നു, എല്ലാം നിയന്ത്രിക്കുന്നു. എല്ലായിടത്തും അവന്റെ ***സഹായം*** എത്തുന്നു.

وَهُوَ مَعَكُمْ أَيْنَمَا كُنتُمْ وَاللَّهُ بِمَا تَعْمَلُونَ بَصِيرٌ(٤) سورة الحديد

"നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു." (അധ്യായം: 57 ഹദീദ് 4, )

اي رقيب عليكم شهيد على أعمالكم حيث كنتم وأين كنتم (تفسير ابن كثير ٤/٣٢٦)

നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളെയും നിങ്ങളുടെ കർമ്മങ്ങളെയും അല്ലാഹു നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് (അവൻ നിങ്ങളുടെ കൂടെയുണ്ട് എന്നതിന്റെ) ഉദ്ദേശം.

(തഫ്സീർ ഇബ്നു കസീർ 4/326).

മറിച്ച്, അവന്റെ സത്ത നമ്മോടൊപ്പമുണ്ടെന്നല്ല.അല്ലാഹു മുകളിലാണെന്ന്പറഞ്ഞാൽ ഉന്നതിയുള്ളവൻ എന്നാണർത്ഥമെന്ന് ചിലർ വ്യാഖ്യാനിക്കുന്നു. അപ്രകാരം അല്ലാഹുവിന്റെ സത്ത എല്ലാ യിടത്തും വ്യാപിച്ചിരിക്കുന്നുവെന്ന ധാരണയും വെച്ചു പുലർത്തുന്നു. ഇതെല്ലാം ഖുർആന്റെയും ഹദീസിന്റെയും തെളിവുകൾക്കെതിരാണ്. തൂണിലും തുരുമ്പിലും ദൈവമുണ്ടെന്ന അപകടകരമായ വിശ്വാസത്തിലേക്കും, സൃഷ്ടാവും സൃഷ്ടിയും ഒന്ന് തന്നെയെന്ന പിഴച്ച അദ്വൈത വിശ്വാസത്തിലേക്കുമാണ് അത് നയിക്കുന്നത്. വഹ്ദത്ത് മാലയും ചില കെട്ടിച്ചമച്ച ദിക്റുകളും ചില ത്വരീഖത്തുകളും ആ വഴിക്കാണെന്നോർക്കുക!

***അല്ലാഹു ഇറങ്ങും.***അതെ, അല്ലാഹുവിന്റെസത്തക്കനുയോജ്യമായിഇറങ്ങും. എങ്ങിനെയെന്ന് നമുക്കറിയിച്ചു തന്നിട്ടില്ല. അതിനാൽ അത് വ്യാഖ്യാനിക്കാനോ സൃഷ്ടികളുടെ ഇറക്കത്തോട് സാദൃശ്യപ്പെടുത്താനോ പാടില്ല. ഇറങ്ങി വരുമെന്ന് വിശ്വസിക്കുക. നബി(സ)പറഞ്ഞു:

يَتَنَزَّلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الآخِرُ يَقُولُ مَنْ يَدْعُونِي فَأَسْتَجِيبَ لَهُ ، مَنْ يَسْأَلُنِي فَأُعْطِيَهُ ، وَمَنْ يَسْتَغْفِرُنِي فَأَغْفِرَ لَهُ ». رواه البخاري

"ഉന്നതനും അനുഗ്രഹീതനുമായ അല്ലാഹു എല്ലാ രാത്രിയിലും അവസാന യാമത്തിൽ ഒന്നാം ആകാശത്തേക്കിറങ്ങിവരും. അവൻ വിളിച്ചു പറയും എന്നോട് തേടുന്നവനുണ്ടോ? ഞാൻ ഉത്തരം ചെയ്യും. എന്നോട് ചോദിക്കുന്നവനുണ്ടോ? ഞാൻ നൽകും. എന്നോട് പൊറുക്കൽ തേടുന്നവനുണ്ടോ? ഞാൻ പൊറുത്തുകൊടുക്കും.," (ബുഖാരി)

*വിചാരണക്ക് വരും.*

വിചാരണയുംവിധിക്കലും മാത്രമല്ല. അതിനായി വരുമെന്ന് അല്ലാഹു പറയുന്നു. എങ്ങിനെയെന്ന് നമുക്കറിയിച്ചിട്ടില്ല. വരവിനെ വിധിക്കലെന്ന് വ്യാഖ്യാനിക്കാനോ സൃഷ്ടികളുടെ വരവിനോട് സാദൃശ്യപ്പെടുത്താനോ പാടില്ല.

هَلْ يَنظُرُونَ إِلاَّ أَن يَأْتِيَهُمُ اللّهُ فِي ظُلَلٍ مِّنَ الْغَمَامِ وَالْمَلآئِكَةُ وَقُضِيَ الأَمْرُ وَإِلَى اللّهِ تُرْجَعُ الأمُورُ (٢١٠) سورة البقرة

"മേഘ മേലാപ്പിൽ അല്ലാഹുവും മലക്കുകളും അവരുടെയടുത്ത് വരുകയും കാര്യം തീരുമാനിക്കപ്പെടുകയും ചെയ്യുന്നത് മാത്രമാണോ അവർ കാത്തിരിക്കുന്നത്.? കാര്യങ്ങളെല്ലാം അല്ലാഹുവിങ്കലേക്കാകുന്നു മടക്കപ്പെടുന്നത്." (അധ്യായം: 2 ബഖറ 210 )

## الشرك في الأسماء والصفات

### *അല്ലാഹുവിന്റെ നാമ-വിശേഷണത്തിൽ സമപ്പെടുത്തിയത്:*

അല്ലാഹുവിന്റെ വിശേഷണങ്ങളിൽ നടത്തുന്ന മറ്റൊരു കൃത്രിമമാണ് അതിൽ സൃഷ്ടികളെ സമപ്പെടുത്തൽ. മാലകൾ ഉദാഹരണങ്ങളാണ്.

### *മുഹിയിദ്ധീൻ മാലയിൽ:*

മുഹിയിദ്ധീൻ മാലയിൽ ഉടനീളം അല്ലാഹുവിന്റെ വിശേഷണങ്ങളിൽ മുഹിയിദ്ധീൻ ശൈഖിനെ അല്ലാഹുവിനോട് സമപ്പെടു ത്തിയിരിക്കുന്നു. ചില വരികൾ:

*വല്ല നിലത്തിന്നും എന്നെ വിളിപ്പോർക്ക്*
*വായ്കൂടാ ഉത്തിരം ചെയ്യും ഞാൻ എന്നോവർ*

ഇതിൽ എല്ലാം കേൾക്കുന്നവൻ( السَمِيعُ) എന്ന അല്ലാഹുവിന്റെ വിശേഷണത്തിൽ ശൈഖിനെ അല്ലാഹുവിനോട് സമപ്പെടുത്തി.

*'കുപ്പിക്കകത്തുള്ള വസ്തുവിനെപ്പോലെ*
*കാണാം ഞാൻ നിങ്ങടെ ഖൽബകം എന്നോവർ*

ഇതിൽ എല്ലാം കാണുന്നവൻ (البَصِيرُ) എന്ന അല്ലാഹുവിന്റെ വിശേഷണത്തിലും അവന്റെ അദൃശ്യജ്ഞാനത്തിലും ശൈഖിനെ അല്ലാഹുവിനോട് സമപ്പെടുത്തിയിരിക്കുന്നു.

മാലകളിലെ അധിക ഭാഗവും സ്വിഫാത്തിലെ ശിർക്കാണ്.

### *രിഫാഈ മാലയിൽ:*

രിഫാഈ ശൈഖിനെ അല്ലാഹുവിൽ സമപ്പെടുത്തുക മാത്രമല്ല; അല്ലാഹുവിനെ ശൈഖ് പരാജയപ്പെടുത്തുന്നതായി ചില വരികൾ:

ശൈഖിന്റെ ജനന സമയത്ത്:

ശൈഖിനും മുരീദുമാർക്കും സ്വർഗ്ഗം മുൻകൂറായി കൊടുത്താലേ മാതാവിന്റെ വയറ്റിൽനിന്ന് ഇറങ്ങുകയുള്ളൂ എന്ന പിടിവാശിയുടെ മുമ്പിൽ

അല്ലാഹു കീഴടങ്ങേണ്ടിവന്നെന്ന്:

'അടിമ ദുനിയാവിൽ ഇറങ്ങുവാനായിട്ട്
അല്ലാടെ ഏകൽ കേട്ടാരെ മൊശിന്തോവർ
സ്വർഗ്ഗം എനിക്കും എൻ ബയ്യാൽ തുടന്നോർക്കും
സുഖത്തോടെ തന്നാൽ ഇറങ്ങാം ഞാനെന്നോവർ
അവർക്കന്ന് നാല് സ്വർഗ്ഗം കൊടുത്താരെ
ഉടനെ ദുനിയാവിൽ പിറന്ന് വളർന്നോവർ'

<u>ശൈഖ് ചെണ്ട മുട്ടി കഅ്ബം ത്വവാഫ് ചെയ്യാൻ വന്നപ്പോൾ:</u>

മക്കക്കാർ അതിന് അനുവദിക്കാതിരുന്നപ്പോൾ കഅ്ബം ശൈഖിനെ ഇങ്ങോട്ട് ത്വവാഫ്ചെയ്തുവെന്നും രിഫാഈ എന്ന് അല്ലാഹു വിളിച്ചിട്ടാണ് നിർത്തിച്ചതെന്നും പറയുന്നു:

'മുന്നം ദുഡി മുട്ടി കഅ്ബാനെ ചുറ്റുമ്പോൾ
മക്കികൾ ഇമ്പിദി വേണ്ടെന്ന് ചൊന്നോവർ
ഉടനെ റഫാഈ മദിലുമ്മൽ കുളത്തിയാൻ
അപ്പൾ കഅംബം ത്വവാഫെന്ന് ചൊന്നോവർ
ഇളകീ കഅ്ബം തുളങ്കുന്നെ നേരത്ത്
'ഒളിവർ റഫാഈ' എന്ന് അല്ലാഹ് വിളിച്ചോവർ
ഏഴ് ആകാശം വാതിൽ ഒക്കെ തുറന്നു പോയി
ഇളകീ മലക്കുകൾ ഒക്കെ വിളിച്ചോവർ'.

ഔലിയാക്കന്മാരെ ആദരിക്കുന്ന - പുകഴ്ത്തുന്ന കോലമാണിത്. ഇതുപോലുള്ള കറാമത്തുകളിൽ വിശ്വസിക്കണമോ? അല്ലാഹുവിനേക്കാൾ വലിയവരോ ഔലിയാക്കൾ? അല്ല, ഇത് ഔലിയാഇനെ ആദരിക്കുകയല്ല. അനാദരിക്കുകയാണ്- ഇകഴ്ത്തുകയാണ്.

***<u>മഹ്മൂദ് മാലയിൽ:</u>***

മുഹമ്മദ് നബി(സ)യെ പുകഴ്ത്തി. അല്ലാഹുതന്നെ എന്ന് വരുത്തി. അഹദ്(ഏകൻ) എന്നും റബ്ബ് (സൃഷ്ടാവും സംരക്ഷകനുമായവൻ) എന്നുമുള്ള അല്ലാഹുവിന്റെ വിഷേണങ്ങളിൽ നബി(സ)യെ സമപ്പെടുത്തി. നബി (സ)അങ്ങിനെ പറഞ്ഞുവെന്ന് ഒരു നുണയും കൂട്ടി ചേർത്തു. അദ്വൈത (وحدة الوجود) വിശ്വാസത്തിലേക്ക് കൊണ്ടെത്തിക്കുന്നു.

<u>മീം അറ്റെ അഹ്മദും ഞാനെന്ന് ചൊന്നോവർ</u>
<u>മീണ്ടും ഐൻ അറ്റെ അറബി ഞാനെന്നോവർ.</u>

أَحْمَدُ എന്നതിലെ مِيمْ പോയാൽ أَحَدُ അപ്രകാരം عَرَبِي എന്നതിലെ عَيْنْ പോയാൽ رَبّ അപ്പോൾ നബി(സ)യെ <u>അഹദ്</u> ആയിട്ടും <u>റബ്ബ്</u> ആയിട്ടും ചിത്രീകരിച്ചു.

മാലകളെ എന്ത് ലക്ഷ്യത്തിൽ ഉപയോഗിക്കുന്നു എന്ന് മനസ്സിലാക്കുക. തൗഹീദ് ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്നവർ അതിനോട് എന്ത് നിലപാടെടുക്കണമെന്നും തീരുമാനിക്കുക.

## അവസാനമായി . . ختاما

ഈ ലോകത്തെ ചുരുങ്ങിയ ജീവിതത്തിനുശേഷം പരലോകത്തെഅന്ത്യമില്ലാത്ത ജീവിതത്തെ നേരിടേണ്ടവരാണ് നാം. സത്യ വിശ്വാസവും സൽക്കർമ്മവും അവിടുത്തെ വിജയത്തിനാവശ്യമാണ്. അതുമാത്രമാണ് ഇവിടുന്ന് ശേഖരിക്കാനുള്ളതുംഖുർആനും ഹദീസും പരിചയപ്പെടുത്തുന്ന വിശ്വാസവും കർമ്മവും തന്നെ യാവണം അങ്ങോട്ട് കൂടെ കൊണ്ട് പോകുന്നത്. മറിച്ച് പിശാച് ഇറക്കുമതിചെയ്തതുമായിട്ടാണ് എത്തുന്നതെങ്കിൽ നാം പരാജിതരാവും. വ്യക്തിപൂജയും പാരമ്പര്യഅനുകരവും ഒഴിവാക്കി ശേഖരണം പരിശോധിക്കണം.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَلْتَنظُرْ نَفْسٌ مَّا قَدَّمَتْ لِغَدٍ وَاتَّقُوا اللَّهَ (١٨) سورة الحشر

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്കുവേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക.'' (ഖുർആൻ 59 ഹശ്ർ: വചനം:18)

◆ഖുർആൻ അർത്ഥം ഗ്രഹിച്ച് പാരായണം ചെയ്യുക, ശിർക്കിന്റെ സംഗമമായ മൗലിദ് റാത്തീബ്, ഖുത്ബിയ്യത്ത്, മാലപ്പാട്ടുകൾ നിറഞ്ഞ മൗലിദ് കിത്താബ് ഒഴിവാക്കുക.

◆ഖുർആനോടൊപ്പം സ്വഹീഹായ ഹദീസുകളും അർത്ഥംഗ്രഹിച്ച് പഠിക്കുക. യഥാർത്ഥ വിശ്വാസവും കർമ്മങ്ങളും കർമ്മങ്ങൾ ചെയ്യാനുള്ള നിയമങ്ങളും രീതികളും അതിൽ ലഭ്യമാണ്. ഉറപ്പുള്ള തെളിവുകളാണ് അത് രണ്ടും.മുൻഗാമികളായ സഹാബാക്കളും താബിഉകളുംനാല് ഇമാമുകും സ്വീകരിച്ച ഈ നിലപാട് നമ്മളും സ്വീകരിച്ച് കർമ്മരംഗം ഖുർആനും സുന്നത്തും പ്രകാരമാക്കുക.പണ്ഡിതർക്കുമാത്രമല്ല. എല്ലാവർക്കും ബാധ്യതയാണത്.

عَنْ مَالِكٍ أَنَّهُ بَلَغَهُ أَنَّ رَسُولَ اللَّهِ صلى الله عليه وسلم- قَالَ « تَرَكْتُ فِيكُمْ أَمْرَيْنِ لَنْ تَضِلُّوا مَا تَمَسَّكْتُمْ بِهِمَا كِتَابَ اللَّهِ وَسُنَّةَ نَبِيِّهِ ». رواه مالك

നബി(സ) പറഞ്ഞു: ''ഞാൻ ഇതാ രണ്ട് കാര്യങ്ങൾ നിങ്ങളിൽ വിട്ടേച്ചുപോകുന്നു. അത് രണ്ടും മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ വഴിപിഴക്കില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ നബിയുടെ ചര്യയുമാകുന്നു'', (ഇമാം മാലിക്)

അതെ, അത് രണ്ടിനെയും വഴികാട്ടിയാക്കുക. അത് പ്രകാരം, വിശ്വാസങ്ങളും കർമ്മങ്ങളും ക്രമീകരിക്കുക. പകരം മൗലിദ് കിതാബും നാലാൽ ഒരു മദ്ഹബിനോടുള്ള അന്ധമായ അനുകരണവും മുറുകെ പിടിക്കുന്ന അവസ്ഥയുണ്ടാവരുത്.

◆സൃഷ്ഠാവിനോട് മാത്രം പ്രാർത്ഥിക്കുക.
സൃഷ്ഠികളോട് പ്രാർത്ഥിക്കാതിരിക്കുക.
◆ഖബർ സിയാറത്ത് ഖബറാരാധനയാവാതെ സൂക്ഷിക്കുക.
◆പ്രാർത്ഥനയിൽ അനുവാദമുള്ള തവസ്സുൽ ചെയ്യുക.
സൃഷ്ഠികളെ ഇടയാളന്മാരാക്കാതിരിക്കുക. മരണപ്പെട്ട മഹാന്മാരുടെഹക്ക്, ജാഹ്,ബർക്കത്ത്കൊണ്ടുള്ള തവസ്സുലും മുഅ്ജിസത്ത്, കറാമത്ത് കൊണ്ടുള്ള തവസ്സുലും ഒഴിവാക്കുക.
◆നബി(സ)യുടെമേൽ നബി(സ) പഠിപ്പിച്ച സ്വലാത്ത് ചൊല്ലുക.
ശിർക്കുള്ള നാരിയത്ത് സ്വലാത്ത് ഉപേക്ഷിക്കുക..
◆അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കുക. അല്ലാഹു അല്ലാത്തവരിൽഭരമേൽപ്പിക്കുന്ന ശിർക്കൻ നേർച്ചകളും ശിർക്കൻ മന്ത്രങ്ങളും ഉറുക്ക്, നൂല് പിഞ്ഞാണി എഴുത്ത് തുടങ്ങി പ്രവാചക ചര്യയിലില്ലാത്ത ബിദ്അത്തായ ചികിത്സാ രീതികളും ഒഴിവാക്കുക.
◆രക്ഷപ്പെടുക; ശിർക്കുകളിൽനിന്ന്. മടങ്ങുക; തൗഹീദിലേക്ക്.
അതിന് അല്ലാഹു വമ്പിച്ച വാഗ്ദാനം നൽകിയിരിക്കുന്നു. അതെ, ഈ ലോകത്ത് സന്മാർഗ്ഗത്തിലാക്കുമെന്നും പരലോകത്ത് നിർഭയത്വം നൽകുമെന്നും.

الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُم بِظُلْمٍ أُولَٰئِكَ لَهُمُ الأَمْنُ وَهُم مُّهْتَدُونَ (٨٢) سورة الأنعام

''വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം (ശിർക്ക്) കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗ്ഗം പ്രാപിച്ചവർ.' (ഖുർആൻ : 6: 82 )

കാലാകാലം നരകത്തിലാക്കുന്ന- സ്വർഗ്ഗം ഹറാമാക്കുന്ന ശിർക്കിൽ അറിയാതെയോ മറ്റോ സംഭവിച്ചു പോയിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് ഖേദിച്ച് പശ്ചാത്തപിച്ച് മടങ്ങുക. എങ്കിൽ, കാരുണ്യവാനായ അല്ലാഹു അത് പൊറുത്തുതരും തീർച്ച.
നാഥാ, ഞങ്ങളിൽനിന്ന് സംഭവിച്ചുപോയ ശിർക്കും മറ്റ് പാപങ്ങളും നീ ഞങ്ങൾക്ക് പൊറുത്ത് തരേണമേ! നരകത്തിൽ നിന്ന് നീ ഞങ്ങളെ മോചിപ്പിക്കേണമേ!! നിന്റെ നിത്യ സ്വർഗ്ഗത്തിൽ ഞങ്ങളെയും നീ ഒരുമിച്ചുകൂട്ടേണമേ!!!

وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين والحمد لله رب العالمين

# المحتويات

أهمية التوحيد
ما هو التوحيد ؟
ماهو الشرك ؟
مضار الشرك
توجيه للشرك
أنواع التوحيد
توحيد الربوبية
مثال الشرك في الربوبية والرد عنها
توحيد الألوهية
أنواع العبادة
حق الدعاء لله وحده
أمثلة الشرك في أنواع العبادة والرد عنها
التوسل المشروع وغير المشروع
النذر والذبح
عبادة القبور
إتيان العرافين والكهان
الحلف بغير الله
توحيد الأسماء والصفات
مثال الشرك في الأسماء والصفات والرد عنها
وأخيرا

المكتب التعاوني للدعوة والإرشاد وتوعية الجاليات بمكة المكرمة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
ت / ٠٢٥٣٤٦١٨٩ فاكس ٠٢٥٣٦٠٥٩٤

# التــوحيــد

## باللغة: المليبارية ( مليالم )

# അല്ലാഹുവിനെ ഏകനാക്കുക

إعداد: سليمان ميراو ندوي
الداعية: بالمكتب التعاوني للدعوة والإرشاد
وتوعية الجاليات بمكة المكرمة

راجعه:

الدكتور الشيخ: محمد أشرف علي المليباري

الباحث في خدمة السنة بالجامعة الإسلامية - المدينة المنورة سابقا
الباحث في دراسات القرآن بمجمع ملك فهد بالمدينة المنورة حاليا

المكتب الرئيسي بالعزيزية بجوار جامعة أم القرى
هاتف: ٠٢ / ٥٥٧٤٢٤٤ فاكس: ٠٢ / ٥٥٧٠٢٣٤
فرع المكتب بالرصيفة خلف مسجد أمير أحمد
هاتف : ٠٢ / ٥٣٦٢١٦٢ فاكس : ٠٢ / ٥٣٦٠٥٩٤
فرع المكتب بالتنعيم بالمدينة الصناعية
هاتف : ٠٢/٥٢٠٦٥٥٨ فاكس : ٠٢/ ٥٢٠٦٥٥٧
ص ب - ٢٠٢٠٨
رقم الحساب : مصرف الراجحي – فرع ٢٠١ الحساب العام (١٧٢٢٢ / ٦)

رقم الإيداع : ١٤٢٨/٧٧٤٤ ردمك : ٩ - ٨٨٨ - ٥٨ - ٩٩٦٠-٩٧٨